കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നീലേശ്വരം നഗരസഭ

ഓഡിറ്റ് റിപ്പോർട്ട്
2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in
Ph: 0499-4256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി -4/ 1039/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 04994256690.

തിയതി. 04.10.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കാസറഗോഡ്

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)
നീലേശ്വരം നഗരസഭ

സർ,

വിഷയം : നീലേശ്വരം നഗരസഭ - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1,2-2,2-3,2-7,2-9,2-12,2-13, ഭാഗം 3ലെ 3-1,3-6,3-8,3-9,3-11എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1) ചട്ടം 20, 23, 1997ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1) ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം ( ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് , കോഴിക്കോട് (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്

നം:കെ.എസ്.എ-കെ.എസ്.ഡി-4 /1039 /2017 തിയതി : 04.10.2017

# നീലേശ്വരം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വരവ് - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

നീലേശ്വരം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതിവിഹിതം, മെയിന്റനൻസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതിവിഹിതം, മറ്റ് ഏജൻസികളിൽ നിന്നും, വകുപ്പുകളിൽ നിന്നുമുള്ള ധനസഹായം, എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. നഗരസഭ 01-01-2017 മുതൽ 20-09-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സി.വൈ.സലിം,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 18.09.2017 മുതൽ 28.09.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | ശ്രീ.സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗോപാലകൃഷ്ണനായിക് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജു തോമസ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.തോമസ്.കെ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജെന്ന കുര്യാക്കോസ് | അസി. ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.സുധീഷ്.എൻ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| ചെയർമാൻ | ശ്രീ.കെ.പി.ജയരാജൻ | 01-04-2016മുതൽ 31-03-2017വരെ |
| സെക്രട്ടറി | ശ്രീ.എൻ.കെ ഹരീഷ് | 01-04-2016മുതൽ 14-12-2016വരെ |
| | ശ്രീ.ആർ.വി.ശിവലിംഗം(i/c) | 15-12-2016മുതൽ 10-01-2017വരെ |
| | ശ്രീ.സന്തോഷ് കുമാർ.എ(i/c) | 11-01-2017മുതൽ 02-3-2017വരെ |
| | ശ്രീ.അഭിലാഷ്.കെ | 03-03-2017മുതൽ 31-3-2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ.ഉമേഷ് നാരായണൻ | 01.04.2016മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ആർജിത.പി.വി | 01.04.2016 മുതൽ 31.07.2016വരെ |
| | ശ്രീമതി.കെ.രേഷ്മ | 01.08.2016മുതൽ 31.3.2017വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.അനശ്രീ.കെ.പി | 01.04.2016 മുതൽ 31.03.2017വരെ |
| മെമ്പർ സെക്രട്ടറി ദാരിദ്ര്യ ലഘൂകരണ വിഭാഗം | ശ്രീ.പ്രമോദ്.കെ | 01.04.2016 മുതൽ 31.03.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ദിനപ്രഭ.കെ.പി | 01.04.2016 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സൂര്യനാരായണ ഭട്ട് | 01.04.2016 മുതൽ 12.10.2016-വരെ |
| | ഡോ.പ്രദീപ്.കുമാർ.വി | 13.10.2016- മുതൽ 31.03.2017-വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.പൂർണ്ണിമ | 01.04.2016 മുതൽ 31.03.2017വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.സതീഷ് കുമാർ.എം | 01.04.2016 മുതൽ 31.03.2017വരെ |
| സൂപ്രണ്ട് ഹോമിയോ ആശുപത്രി | ഡോ.ജോളി ജെയിംസ് | 01.04.2016 മുതൽ 30.11.2016വരെ |
| | ഡോ.രതീഷ്.പി | 01.12.2016 മുതൽ 31.03.2017വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.അരുൺ രാജ് | 01.04.2016 മുതൽ 31.03.2017വരെ |
| ഫിഷറീസ് സബ്-ഇൻസ് പെക്ടർ | ശ്രീ.കെ.രാഘവൻ | 01.04.2016 മുതൽ 31.03.2017വരെ |
| ഹെൽത്ത് ഇൻസ് പെക്ടർ | ശ്രീ.കെ.യു അബ്ദുൾ കരീം | 01.04.2016 മുതൽ 31.03.2017വരെ |
| സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | ഡോ.ജമാൽ അഹമ്മദ് | 01.04.2016 മുതൽ 31.03.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| | ഭാഗം 2 | |
| 12 | വാർഷിക ധനകാര്യ പത്രിക -ന്യൂനതകൾ | 2-1 |
| 13 | ടെലികോം കേബിൾ കുഴിയെടുക്കുന്നതിനുള്ള ഫീസ് നിശ്ചയിച്ചതിൽ അപാകത | 2-2 |
| 14 | തൊഴിൽ നികുതി പിരിവ് - നികുതി പിരിവിലും രേഖകളുടെ സൂക്ഷിപ്പിലും അപാകതകൾ | 2-3 |
| 15 | ഷോപ്പിങ് കോംപ്ലക്സ് വാടക – പൊതു അപാകതകൾ | 2-4 |
| 16 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ - മുഴുവൻ സ്ഥാപനങ്ങളും റജിസ്റ്റർ ചെയ്യിട്ടില്ല | 2-5 |
| 17 | തടി നികുതി ഈടാക്കുന്നില്ല | 2-6 |
| 18 | ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന ചെക്കുകൾ ബാങ്കിൽ അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നു- | 2-7 |
| 19 | സേവനങ്ങൾ നൽകുന്നതിന് നികുതി ഈടാക്കുന്നില്ല. | 2-8 |
| 20 | നഗരസഭയിലെ വസ്തുനികുതി പരിഷ്കാരം - അവലോകനം | 2-9 |
| 21 | കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സേവനനികുതി (സർവ്വീസ് ചാർജ്ജ്) ഈടാക്കുന്നില്ല | 2-10 |
| 22 | ബി.എസ്.എൻ.എൽ. ഓഫീസ്, അനുബന്ധ കെട്ടിടങ്ങൾ എന്നിവയിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല | 2-11 |

| | | |
|---|---|---|
| 23 | മൊബൈൽ ടവറുകൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി നാളിതുവരെയും പ്രാബല്യത്തിൽ വരുത്തിയിട്ടില്ല | 2-12 |
| 24 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച് | 2-13 |
| 25 | പ്രവർത്തന രഹിതമായ ബാങ്ക് അക്കൗണ്ടുകൾ | 2-14 |
| | ഭാഗം 3 | |
| 26 | സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ 1.60 കോടി രൂപ വിനിയോഗിക്കുവാൻ സാധിച്ചില്ല | 3-1 |
| 27 | സർവ്വീസ് ബുക്കിൽ സേവന വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | 3-2 |
| 28 | ഓണം അഡ്വാൻസ് - ഈടാക്കാൻ അവശേഷിക്കുന്നു | 3-3 |
| 29 | സ്ട്രീറ്റ് ലൈറ്റ് കുടിശ്ശിക- അധികതുക ഒടുക്കിയത് സംബന്ധിച്ച് | 3-4 |
| 30 | വാഹന വാടക നൽകൽ - ട്രിപ് ഷീറ്റിൽ യാത്രയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല | 3-5 |
| 31 | പി.എം.എ.വൈ ഭവന പദ്ധതി 1.39 കോടി രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു. | 3-6 |
| 32 | ഹോമിയോ ആശുപത്രിയിലേക്ക് സെൽ കൗണ്ടർ (ഹിമറ്റോളജി അനലൈസർ) വാങ്ങിയത്-നടപടിക്രമങ്ങളിൽ ന്യൂനതകൾ | 3-7 |
| 33 | ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങൽ-ലഭിക്കുവാനവശേഷിക്കുന്നത് 12.59 ലക്ഷം രൂപയുടെ മരുന്നുകൾ | 3-8 |
| 34 | പട്ടിക ജാതി വിഭാഗക്കാർക്കുള്ള ഭൂമി വാങ്ങൽ പദ്ധതി-സബ്സിഡി നിരക്ക് പരിമിതപ്പെടുത്തിയിട്ടില്ല-നഷ്ടം | 3-9 |
| 35 | ഭവന നിർമ്മാണ ആനുകൂല്യ വിതരണം -അപേക്ഷകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 3-10 |
| 36 | സ്ട്രീറ്റ് ലൈറ്റുകളുടേയും ,വാട്ടർ ടാപ്പുകളുടേയും വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല. | 3-11 |
| 37 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-12 |
| 38 | ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു | 3-13 |
| 39 | സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം, അനുബന്ധ സൗകര്യമൊരുക്കൽ (പദ്ധതി നം- 282/17) മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തുക വിനിയോഗിച്ചു. | 3-14 |
| 40 | സ്കൂളുകൾക്ക് സോളാർ പാനൽ (പദ്ധതി നം - 216/17) | 3-15 |

| | | |
|---|---|---|
| 41 | മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതിതുകയിൽ നിന്നും പണം ചെലവഴിച്ചത് | 3-16 |
| 42 | എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-17 |
| | ഭാഗം 4 | |
| 43 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 46 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 47 | സ്ഥിരനിക്ഷേപങ്ങൾ/മൂതൽ മുടക്കുകൾ | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 51 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29-02-2016 ഭരണസമിതി തീരുമാനം 01/16 പ്രകാരം അംഗീകരിച്ചിട്ടുണ്ട്, ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 6,60,84,002 |
| പ്രതീക്ഷിത വരവ് | 30,35,14,000 |
| ആകെ | 36,95,98,002 |
| പ്രതീക്ഷിത ചെലവ് | 35,42,73,500 |
| നീക്കിയിരിപ്പ് | 1,53,24,502 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 28-07-2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19-09-2017 &20-9-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയിഉൾപ്പെടുത്തിയിട്ടുണ്ട്. |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിൽ ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 5,31,69,476 |
| വരവ് | 14,78,63,414 |
| ആകെ | 20,10,32,890 |
| ചെലവ് | 12,57,25,106 |
| നീക്കിയിരിപ്പ് | 7,53,07,784 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് *** | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,19,67,251 | 3,19,67,251 | 3,12,32,101 | 7,35,150 | 97.7 |
| വികസനഫണ്ട് എസ്.സി.പി. | 0 | 49,15,689 | 49,15,689 | 34,27,662 | 14,88,027 | 69.73 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4,15,71,032 | 4,15,71,032 | 3,05,90,473 | 1,09,80,559 | 73.59 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | | 30,76,180 | 30,76,180 | 16,45,697 | 14,30,483 | 53.50 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,06,27,557 | 1,06,27,557 | 93,83,018 | 12,44,539 | 88.28 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,00,30,716 | 1,00,30,716 | 98,83,977 | 1,46,739 | 98.53 |
| ബി ഫണ്ട് (ഡി.ബി.റ്റി ഉൾപ്പടെ) | 0 | 5,31,76,130 | 5,31,76,130 | 5,31,76,130 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എ. യു .ഇ. ജി. എസ് | 34,18,186 | 74,38,721 | 1,08,56,907 | 13,81,635 | 94,75,272 | 12.72 |

(*** നീക്കിയിരിപ്പ് തുകകളിൽ തൊഴിലുറപ്പ് പദ്ധതി ഇനത്തിലുള്ള തുകയൊഴികെ അവശേഷിച്ച തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടു )

## 1-6 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 224 | 165 | 11 | 48 | 73.66% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | കൃഷി ഓഫീസർ | 7 | 4177000 | 7 | 2992764 | 79.64 |
| 2 | വെറ്റനറി സർജ്ജൻ | 6 | 4417000 | 5 | 2042337 | 46.24 |
| 3 | സൂപ്രണ്ട് താലൂക്ക് ആശുപത്രി അലോപ്പതി | 7 | 2049500 | 7 | 1999459 | 97.55 |
| 4 | സൂപ്രണ്ട് ഹോമിയോ ആശുപത്രി നീലേശ്വരം | 8 | 2800000 | 8 | 2799267 | 99.97 |
| 5 | മെഡിക്കൽഓഫീസർ ആയുർവ്വേദം | 2 | 650000 | 2 | 650000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 6 | പ്രൊജക്ട് ഓഫീസർ നഗരദാരിദ്ര നിർമ്മാർജ്ജന വിഭാഗം | 12 | 13603800 | 9 | 10662304 | 78.37 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8591408 | 8 | 7648600 | 89.02 |
| 8 | നഗരസഭ സെക്രട്ടറി | 6 | 5470458 | 4 | 4567533 | 83.49 |
| 9 | ഹെഡ്മാസ്റ്റർ | 9 | 5175200 | 9 | 4612713 | 89.13 |
| 10 | മുനിസിപ്പൽ എഞ്ചിനിയർ | 147 | 64817761 | 111 | 42488104 | 65.55 |
| 11 | ഹെൽത്ത് ഓഫീസർ | 6 | 8782800 | 3 | 2722559 | 30.99 |
| 12 | ഫിഷറീസ് ഇൻസ്പെക്ടർ | 1 | 200000 | 1 | 181150 | 90.57 |
| 13 | പട്ടികജാതി വികസന ഓഫീസർ | 5 | 7710000 | 2 | 3300000 | 42.80 |
| | ആകെ | 224 | 12,84,44,927 | 176 | 8,66,66,790 | 67.47 |

.

## 1-7 തനത് വരുമാനം.

തൻവർഷം നഗരസഭയ്ക്ക് തനത് വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 9.79% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,01,71,231 | 1,16,15,528 | (+) 14,44,297 | (+) 14.19 |
| നികുതിയേതര വരവുകൾ | 47,18,995 | 52,85,567 | (+) 5,66,572 | (+)12.00 |
| മറ്റുള്ളവ | 7,73,936 | 2,96,936 | (-) 4,77,000 | (-) 61.63 |
| ആകെ | 1,56,64,162 | 1,71,98,031 | (+) 15,33,869 | (+) 9.79 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭയിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 506640 | 335 |
| കർഷകതൊഴിലാളി പെൻഷൻ | 8152720 | 864 |

| | | |
|---|---|---|
| വിധവാപെൻഷൻ | 18817950 | 1871 |
| വാർദ്ധക്യകാലപെൻഷൻ | 18690715 | 2423 |
| വികലാംഗപെൻഷൻ | 4979925 | 515 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1358180 | 137 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 570000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-09-2017 ന് (1.30 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,365 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-5-2015 | 2012-13 to 2014-15 | 26-7-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-01-2017 | 2012-13 to 2015-16 | 27-3-2017 |

## 1-11 ആഭ്യന്തര നിയന്ത്രണം

1)ജീവനക്കാർ അപര്യാപ്തം

നീലേശ്വരം നഗര സഭാ ഓഫീസിന് അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണവും നിലവിലെ ജീവനക്കാരുടെ എണ്ണവും ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| തസ്തികയുടെ പേര് | അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം | നിലവിൽ ജീവനക്കാരുടെ എണ്ണം | തസ്തിക ഒഴിവുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| സെക്രട്ടറി | 1 | 1 | - | |
| സൂപ്രണ്ട് | 1 | 1 | - | |
| റവന്യൂ ഇൻസ്പെക്ടർ | 1 | 1 | - | |
| എച്ച്സി/ആർ.ഐ | 1 | 1 | - | LWA |
| സീനിയർ ക്ലർക്ക് | 7 | 7 | - | പ്രസവ അവധിയിൽ |
| ക്ലർക്ക്/ബിൽകലക്ടർ | 7 | 4 | 3 | |
| ഓഫീസ് അറ്റൻഡന്റ് | 2 | 2 | - | |
| എച്ച്.ഐ ഗ്രേഡ്-1 | 1 | 1 | - | |
| ജെ.എച്ച്.ഐ ഗ്രേഡ്-1 | 1 | 1 | - | |

| | | | | |
|---|---|---|---|---|
| ജെ.എച്ച്.ഐ ഗ്രേഡ്-11 | 3 | 3 | - | |
| കൺടണ്ടിജന്റ് ജീവനക്കാർ | 7 | 7 | - | |
| കൃഷി വകുപ്പിൽനിന്നുള്ള ഡിപ്ലോയിഡ് ക്ലർക്ക് | 1 | 1 | - | |

മൂന്ന് ക്ലർക്ക് തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയും രണ്ട് ജീവനക്കാർ അവധിയിലുമായതിനാൽ ജീവനക്കാരുടെ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. ഇത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുന്നുണ്ട്. അതാത് കാലത്തെ സെക്രട്ടറിമാർ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ച് മുൻസിപ്പൽ എഞ്ചിനിയർ (അസിസ്റ്റന്റ് എഞ്ചിനീയർ),സൂപ്രണ്ട് ,റവന്യൂ ഇൻസ്‌പെക്ടർ,ഹെൽത്ത് ഇൻസ്‌പെക്ടർ എന്നിവർക്ക് ചുമതല വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും സീനിയർ ക്ലർക്ക്,ക്ലർക്ക്, ജെ.എച്ച്.ഐ ഗ്രേഡ് 1 & 11 തുടങ്ങിയ ഉദ്യോഗസ്ഥർക്ക് സെക്ഷൻ ചുമതല നിർണ്ണയിച്ച് നൽകി ഉത്തരവ് ഉണ്ടായിരുന്നില്ല. 10-3-2017ലെ G1-2805 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം മാത്രമാണ് സെക്ഷനുകൾക്ക് ചുമതല വിഭജിച്ച് നൽകിയിട്ടുള്ളത്. ഓഫീസ്സിന്റെ എസ്റ്റാബ്ലിഷ് മെന്റ് സെക്ഷന് നിലവിൽ ചുമതലക്കാരനില്ല . ഇതു കാരണം ജീവനക്കാരുടെ സർവീസ് റിക്കാർഡുകളുടെ രേഖപ്പെടുത്തലുകൾ കൃത്യമായി നടക്കുന്നില്ല. സെക്ഷനുകൾ തൻപതിവേട് സൂക്ഷിക്കുന്നുണ്ടെങ്കിലും തപ്പാലുകളുടെമേൽ സെക്ഷനുകൾ എടുത്ത തുടർ നടപടികൾ , മാസാന്ത്യ ക്ലോസ്സിങ്ങ് ബാലൻസ് എന്നിവ രേഖപ്പെടുത്തുകയോ സൂപ്പർവൈസിങ്ങ് ഓഫീസർ ആയത് പരിശോധിക്കുകയോ ചെയ്തിട്ടില്ല.

2)നികുതി പിരിവിന്റെ കാര്യക്ഷമത

നികുതി പിരിവും അതിന്റെ രേഖകളുടെ സൂക്ഷിപ്പും സംബന്ധിച്ച് ഒട്ടേറെ പോരായ്മകൾ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്. പോരായ്മകൾ പരിഹരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി പ്രത്യകം ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആസ്തി രജിസ്റ്ററിൽ ചില ആസ്തികൾ രേഖപ്പെടുത്തിയിട്ടില്ല. മുഴുവൻ ആസ്തികളുടെ വിവരങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2016-17വാർഷത്തെ ധനകാര്യ പത്രിക - ന്യൂനതകൾ

1) 2015-16 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ച് പരിഹരിച്ചവയുടെ വിശദ വിവരം 2016-17 വാർഷിക ധനകാര്യ പത്രികയോടൊപ്പം കുറിപ്പുഫയലാക്കി ഉള്ളടക്കം ചെയ്യേണ്ടിയിരുന്നെങ്കിലും ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2) SBT Own Fund ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരുപ്പായി വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള തുക പുന:പരിശോധിക്കേണ്ടതുണ്ട്. റീകൺസിലേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം അൺ കാഷ്ഡ് ചെക്കായി കാണിച്ചിരിക്കുന്ന ₹114120, ₹131090 എന്നീ തുകകൾ (ചെക്ക് നം.790707/16-12-16) 2016-17 സാമ്പത്തിക വർഷം തന്നെ (16-12-2016) ബാങ്കിൽ നിന്നും മാറിയിട്ടുണ്ട്. കൂടാതെ റീകൺസിലേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം ₹114120 -Cheque deposited but not cleared എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു ചെക്ക് നഗരസഭയ്ക്ക് തൻവർഷം ലഭിച്ചതായി കാണുന്നില്ല. നീക്കിയിരിപ്പ് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ റീകൺസിലേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം

അൺ കാഷ്ഡ് ചെക്കായി കാണിച്ചിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന തുകകൾ (SBT Own Fund /AUEGS) ഇനിയും മാറിയിട്ടില്ലെങ്കിൽ വരവിൽ ഉൾപ്പെടുത്തി കണക്ക് ക്രമീകരിക്കേണ്ടതാണ്.

| ക്രമ നം | ചെക്ക് നം | തുക |
|---|---|---|
| 1 | 366835/ 01-4-2014 | 1520 |
| 2 | 401867/ 5-6-2014 | 6900 |
| 3 | 401903/19-7-2014 | 116 |
| 4 | 759100/16-8-2016 | 375 |
| 5 | 759152/ 16-8-2016 | 750 |
| 6 | 759159/ 16-8-2016 | 100 |
| 7 | 793754/ 06-02-2017 | 8200 |
| 8 | 793755/ 06-02-2017 | 4000 |
| 9 | 395465/8-1-2014 (AUEGS) | 365 |
| 10 | 492401/8-1-2014 (AUEGS) | 28380 |

3. സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ടിലെ (ശുചിത്വ മിഷൻ ഫണ്ട്) നീക്കിയിരിപ്പ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിൽ മൂന്ന് രൂപയുടെ വ്യത്യാസമുണ്ട്. വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് ₹ 89,70,281, ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ₹89,70,284.

4.സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി. 11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

5.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. . വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടുണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

6) വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷത്തെ വസ്തു നികുതി ഡിമാന്റ്,കളക്ഷൻ, ബാലൻസ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തു നികുതി ഡിമാന്റ് 92,32,595രൂപയും , കളക്ഷൻ 51,53,629രൂപയുമാണ് എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയായി കാണിച്ചിരിക്കുന്നത് 8,46,371രൂപയെന്നാണ്. വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ് , കളക്ഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ പിരിച്ചെടുക്കുവാനവശേഷിക്കുന്ന തുക 40,78,966 രൂപയാണ് . കുടിശ്ശിക ഡിമാന്റ് കാണിച്ചതിൽ 32,32,595 രൂപയുടെ വ്യത്യാസം സംഭവിച്ചിട്ടുണ്ട്.

7) കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതിയിനത്തിൽ ആകെ കുടിശ്ശിക 8,50,618

രൂപയാണ്. എന്നാൽ 2016-17 വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിലെ വരവായി കാണിച്ചിട്ടുള്ളത് 26,53,215 രൂപയെന്നാണ്. അതായത് ഡിമാന്റിനേക്കാളും 18,02,597 രൂപ അധികം .

8). തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക വരവ് തുടങ്ങിയ ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡിമാന്റ്- കളക്ഷൻ -ബാലൻസ് സംഗ്രഹം സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9.ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി തയ്യാറാക്കിയ സ്റ്റോക്ക് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10) 2016-17 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ വാടക കുടിശ്ശികയിനത്തിൽ 1,23,889 രൂപ ലഭ്യമാകുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് സെക്രട്ടറി നൽകിയ മറുപടിയിൽ 1,23,889 രൂപ കുടിശ്ശികയായി വാർഷിക കണക്കിൽ തെറ്റായി ഉൾപ്പെടുത്തിയതാണെന്ന് സൂചിപ്പിക്കുകയുണ്ടായി. പ്രസ്തുത തുകയുടെ കൃത്യത പരിശോധിച്ച് വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.
11). നഗരസഭയ്ക്ക് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

12)ബാലൻഷീറ്റ് ഷെഡ്യൂൾ B-15ൽ 431409901, 431409902, എന്നീ ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയ തുകകൾ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തുകകൾ B-15 ഷെഡ്യൂളിൽ തന്നെയാണോ ഉൾപ്പെടുത്തേണ്ടതെന്ന് പരിശോധിക്കേണ്ടതാണ്.

13) ബാലൻസ് ഷീറ്റ് B-12, ഷെഡ്യൂളിൽ ഉൾപ്പെട്ട 5025000 രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ (ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററും അനുബന്ധരേഖകളും) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

14) അഡ്വാൻസ് രജിസ്റ്റർ , ഡിപ്പോസിറ്റ് രജിസ്റ്റർ എന്നിവ ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ B7, B18 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

15) വിവിധ ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ട്രഷറി അധികൃതരുടെ സാക്ഷ്യപ്പെടുത്തൽ സഹിതം ലഭ്യമാക്കിയിട്ടില്ല.

## 2-2 ടെലികോം കേബിൾ കുഴിയെടുക്കുന്നതിനുള്ള ഫീസ് നിശ്ചയിച്ചതിൽ അപാകത

ഓഡിറ്റ് വർഷം നഗരസഭ പ്രദേശത്ത് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, കൊച്ചി-ഐഡിയ സെല്ലുലാർ ലിമിറ്റഡ് എന്നീ ടെലികോം കമ്പനികൾക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് നഗരസഭ അനുമതി നൽകുകയുണ്ടായി. എന്നാൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

എ)റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, കൊച്ചി

നഗരസഭ പ്രദേശത്ത് 2016-17 വർഷത്തിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, കൊച്ചി- എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് കുഴിയെടുക്കുന്നതിന് നഗരസഭ ഭരണസമിതിയുടെ 17-01-17 ലെ 5ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് മാനേജരുടെ 19.08.2016 ലെ അപേക്ഷ പരിഗണിച്ചാണ് ആകെ 950മീറ്റർ നീളത്തിൽ നഗരസഭ പ്രദേശത്ത് (ചാത്തമത്ത് ജംഗ്ഷൻ മുതൽ ശ്മശാനം വരെ) കേബിൾ കുഴിയെടുക്കുന്നതിന് പെർമിറ്റ് നൽകിയത്. ഈ പെർമിറ്റ് അനുവദിച്ചതിന് ഫീസ് ഇനത്തിൽ ആകെ

68,828/- രൂപ രശീത് നം-1/11606400035/20.02.2017 പ്രകാരം ഈടാക്കിയിട്ടുണ്ട്. ഈ പെർമിറ്റ് അനുവദിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി. അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് ദേശീയപാത വിഭാഗം, തിരുവനന്തപുരം, സർക്കുലർ നം.എൻ.എച്ച്.5.ഡി.10-1842/85(ബി), തിയ്യതി.10.10.2012 കാണുക)

(i)Restoration charges കണക്കാക്കിയതിൽ കുറവ്.

സാധാരണ പ്രതലങ്ങളിൽ കേബിൾ കുഴിക്കുന്നത് Restoration width എന്നാൽ Trench width ന്റെ 1.5 മടങ്ങ് ആയിരിക്കണമെന്ന് മേൽ സൂചിപ്പിച്ച സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട മുനി.എഞ്ചിനീയർ പരിശോധനാ റിപ്പോർട്ടിൽസൂചിപ്പിച്ച Trench width ആയ 0.45 m ന്റെ Restoration width എന്നാൽ 0.45x1.5 = 0.67 m ആണ്.

ഇതു പ്രകാരം റിസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കേണ്ടത് ചുവടെ ചേർത്ത പ്രകാരമായിരുന്നു
Restoration area =950mx0.67m= 636.5sqm

Restoration charges = 636.5sqmx161/sqm = 1,02,477-

നഗരസഭ കണക്കാക്കിയത് താഴെപ്പറയും പ്രകാരമാണ്

Restoration area = 950x0.45 = 427.50sqm

Restoration charges = 427.5x161/sqm = 68,828/-

Restoration charges ഈടാക്കിയതിൽ കുറവ് = 1,02,477/ – 68,828/ = 33,649/-

Restoration charge ഈടാക്കിയതിൽ കുറവ് വന്ന 33,649 രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്

ii)റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, കൊച്ചി- എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് കുഴിയെടുക്കുന്നതിന് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യാ വകുപ്പിൽ നിന്നും Rights Of Way(ROW) പെർമിഷൻ എടുത്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

iii)കേരള സംസ്ഥാന ഇൻഫർമേഷൻ & ടെക്ക്നോളജി വകുപ്പ് ഡയറക്ടർക്ക് One Time Contribution ആയി കിലോ മീറ്ററിന് 75,000/- രൂപ പ്രകാരം ആകെ 71,250/- (950mx 75,000) രൂപ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

iv)കേബിൾ കുഴി എടുക്കുന്ന നീളത്തിന് ആനുപാതികമായി Security Deposit ആയി കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യാ വകുപ്പിന് ഹാജരാക്കിയ ബാങ്ക് ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

B)ഐഡിയ സെല്ലുലാർ ലിമിറ്റഡ് .

നഗരസഭ പ്രദേശത്ത് 2016-17 വർഷത്തിൽ ഐഡിയ സെല്ലുലാർ ലിമിറ്റഡ്, എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് കുഴിയെടുക്കുന്നതിന് ഭരണസമിതിയുടെ 17.2.2017ലെ 8/1 നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഐഡിയ സെല്ലുലാർ ലിമിറ്റഡ് ജനറൽ മാനേജരുടെ 07.10.2016 ലെ അപേക്ഷ പരിഗണിച്ചാണ് ആകെ 766.8 മീറ്റർ നീളത്തിൽ കേബിൾ കുഴിയെടുക്കുന്നതിന് പെർമിറ്റ് നൽകിയത്(ഫാം അഴിത്തല റോഡിൽ വി.വി നഗർ വായനശാല ക്രോട്ടച്ചാൽ മുതൽ റോഡ് പാർശ്വത്തിലൂടെ &പട്ടേന ബ്ലോക്ക് ഓഫീസ് റോഡ്). ഈ പെർമിറ്റ് അനുവദിച്ചതിന് ഫീസ് ഇനത്തിൽ

ആകെ 64,310/- രൂപ രശീത് നം.117060400001/26.04.17 പ്രകാരം പിരിച്ചെടുത്തിട്ടുണ്ട്. ഈ പെർമിറ്റ് അനുവദിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി. അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് ദേശീയപാത വിഭാഗം, തിരുവനന്തപുരം, സർക്കുലർ നം.എൻ.എച്ച്.5.ഡി.10-1842/85(ബി), തിയ്യതി.10.10.2012 കാണുക)

i)Restoration charges കണക്കാക്കിയതിൽ കുറവ്.

സാധാരണ പ്രതലങ്ങളിൽ കേബിൾ കുഴിക്കുന്നത് Restoration width എന്നാൽ Trench width ന്റെ 1.5 മടങ്ങ് ആയിരിക്കണമെന്നും, കാര്യേജ് വേയിൽ Restoration width മിനിമം ഒരു മീറ്റർ ആയിരിക്കണമെന്നും മേൽ സൂചിപ്പിച്ച സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിനാൽ Restoration charges കണക്കാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട മുനി.എഞ്ചിനീയർ പരിശോധനാ റിപ്പോർട്ടിൽസൂചിപ്പിച്ച Trench width ആയ 0.50 m ന്റെ Restoration width എന്നാൽ സാധാരണ പ്രതലത്തിൽ 0.50x1.5 = 0.75 mഉം കാര്യേജ് വേയിൽ ടാർ പ്രതലത്തിൽ 1 മീറ്ററും ആണ്. ഇതനുസരിച്ച് ഈടാക്കേണ്ടിയിരുന്ന Restoration charge ന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| പ്രതലത്തിന്റെ തരം | അനുമതി നൽകിയ ദൂരം | നഗരസഭ കണക്കാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് |
|---|---|---|---|---|
| സാധാരണ പ്രതലം | 63 മീറ്റർ | 63x0.50x161/m2<br>= ₹ 5071 | 63x0.75x161/m2<br>= ₹7,608 | ₹2,537 |
| കാര്യേജ് വേ | 3.80 മീറ്റർ | 3.80x0.50x1521/m2<br>= 2,889 | 3.80x1.00x1521/m2<br>= ₹5,780 | ₹2,891 |
| സാധാരണ പ്രതലം | 700 മീറ്റർ | 700x0.50x161/m2<br>= ₹ 56,350 | 700x0.75x161/m2<br>= ₹ 84,525 | 28,175 |
| ആകെ | 766.80മീറ്റർ | ₹ 64,310 | 97,913 | 33,603 |

Restoration charge ഈടാക്കിയതിൽ കുറവ് വന്ന 33,603 രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്

ii)ഐഡിയ സെല്ലുലാർ ലിമിറ്റഡ് എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് കുഴിയെടുക്കുന്നതിന് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യാ വകുപ്പിൽ നിന്നും Rights Of Way(ROW) പെർമിഷൻ എടുത്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ii)കേരള സംസ്ഥാന ഇൻഫർമേഷൻ & ടെക്ക്നോളജി വകുപ്പ് ഡയറക്ടർക്ക് One Time Contribution ആയി കിലോ മീറ്ററിന് 75,000/- രൂപ പ്രകാരം ആകെ 57,510/- രൂപ (.7668മിx75000) ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

iv) കേബിൾ കുഴി എടുക്കുന്ന നീളത്തിന് ആനുപാതികമായി Security Deposit ആയി കേരള സംസ്ഥാന

വിവര സാങ്കേതിക വിദ്യാ വകുപ്പിന് ഹാജരാക്കിയ ബാങ്ക് ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 15തി 28-9-2017പ്രകാരം ന്യൂനതകൾ ബന്ധപ്പെട്ടവരെ ധരിപ്പിച്ചുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.)

## 2-3 തൊഴിൽ നികുതി പിരിവ് - നികുതി പിരിവിലും രേഖകളുടെ സൂക്ഷിപ്പിലും അപാകതകൾ

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രേഖകളിൽ ചുവടെ ചേർത്ത അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I. തൊഴിൽ നികുതി റജിസ്റ്ററുകളും പത്രികകളും പരിശോധിച്ചത് പ്രകാരം താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ വിറ്റുവരവിനെ അടിസ്ഥാനമാക്കിയുള്ള തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി കാലയളവ് |
|---|---|---|
| 1 | ക്ഷേത്ര പാലക കുറീസ് പ്രൈ.ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 2 | എസ് ബി ടി , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 3 | കൊശമറ്റം ഫിനാൻസ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 4 | യു എ ഇ എക്സ്ചേഞ്ച് നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 5 | വിജയ ബാങ്ക്, നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ,നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 7 | ശ്രീ ഗോകുലം ചിട്ട്സ് & ഫിനാൻസ് കമ്പനി (പ്രൈ) ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 8 | നീലേശ്വരം കോ- ഓപ്പറേറ്റീവ് അർബൻ ബാങ്ക് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 9 | നീലേശ്വരം ബ്ലോക്ക് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 10 | നീലേശ്വരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 11 | മാബെൻ നിധി ലിമിറ്റഡ് , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 12 | സിൻഡിക്കേറ്റ് ബാങ്ക് , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 13 | മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 14 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 15 | എസ് ബി ഐ , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 16 | നീലേശ്വരം വനിതാ സർവ്വീസ് സഹകരണ സംഘം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 17 | ഹോസ്ദുർഗ് താലൂക്ക് മർച്ചന്റയിൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |

II. നീലേശ്വരം സബ്ട്രഷറിയിലെ ജീവനക്കാരുടെ തൊഴിൽ നികുതി പത്രിക പരിശോധിച്ചതിൽ ശ്രീ.നാരായണൻ പി.എം , ജൂനിയർ അക്കൗണ്ടന്റിന് "വിമുക്ത ഭടൻ" എന്ന കാരണത്താൽ രണ്ട് അർദ്ധ വർഷത്തേക്കുമുള്ള തൊഴിൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയതായി കാണുന്നു. വിമുക്ത ഭടൻമാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിക്കൊണ്ടുള്ള നിയമങ്ങളോ/ചട്ടങ്ങളോ /ഉത്തരവുകളോ ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ല . ആയതിനാൽ മേൽ ജീവനക്കാരനിൽ നിന്നും വരുമാനത്തിന് ആനുപാതികമായ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

III. താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത ജീവനക്കാർ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി കാലയളവ് |
|---|---|---|
| 1 | സർക്കിൾ ഇൻസ്‌പെക്ടർ ഓഫ് പോലീസ് | രണ്ടാം അർദ്ധ വർഷം |
| 2 | സനാതന ആർട്സ് & സയൻസ് കോളേജ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 3 | താലൂക്ക് മർച്ചൻന്റയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 4 | നീലേശ്വരം ബ്ലോക്ക് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 5 | ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ് ഓഫീസ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 6 | ഗ്രൂപ്പ് ഇൻസ്ട്രക്റ്റർ , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 7 | ഗുരുകുലം കമ്പ്യൂട്ടർ സെന്റർ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 8 | കെ ജി പി സ്റ്റഡി സെന്റർ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 9 | റെയിൽവേ സ്റ്റേഷൻ , നീലേശ്വരം | രണ്ടാം അർദ്ധ വർഷം |
| 10 | വിവേകാനന്ദ കോളേജ്, നീലേശ്വരം | രണ്ടാം അർദ്ധ വർഷം |
| 11 | ജെയ്സീസ് ഇംഗ്ലീഷ് സ്കൂൾ,നീലേശ്വരം | ഒന്നാം അർദ്ധ വർഷം |
| 12 | ജി-ടെക് കംമ്പ്യൂട്ടർ എജ്യൂക്കേഷൻ , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 13 | വൺ സീറോ കംമ്പ്യൂട്ടേഴ്സ്, നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 14 | തേജസ്വിനി ഹോസ്പിറ്റൽ | ഒന്നാം അർദ്ധ വർഷം |
| 15 | എസ് എസ് ഫിനാൻസ് ഗോൾഡ് ലോൺ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 16 | ജീവൻ വിദ്യാ നഴ്സറി & പ്രൈമറി സ്കൂൾ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 17 | മഹാത്മ കോളേജ് ഓഫ് എജ്യൂക്കേഷൻ | രണ്ടാം അർദ്ധ വർഷം |
| 18 | അഗ്രിക്കൾച്ചറൽ അസി. ഡയറക്ടർ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 19 | ആരോഗ്യ കേരളം(NRHM) | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 20 | സെന്റർ ഫോർ IT ,കണ്ണൂർ യൂണിവേഴ്സിറ്റി | രണ്ടാം അർദ്ധ വർഷം |
| 21 | AUPS പാലായി | ഒന്നാം അർദ്ധ വർഷം |
| 22 | ICDP സബ്സെന്റർ ,പാലായി | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 23 | ഡിവൈൻ ഇംഗ്ലീഷ് സ്കൂൾ | ഒന്നാം അർദ്ധ വർഷം |
| 24 | നീലേശ്വരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 25 | പേരോൽ റ്റ്യൂഷൻ സെന്റർ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 26 | ദക്ഷിണ ഭാരത് ഹിന്ദി മഹാ വിദ്യാലയം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 27 | സരസ്വതി വിദ്യാമന്ദിരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 28 | ബിവറേജസ് കോ-ഓപ്പറേഷൻ ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം |
| 29 | റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ | ഒന്നാം അർദ്ധ വർഷം |
| 30 | പോസ്റ്റ് ഓഫീസ് , കൊട്ടമ്പുറം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 31 | റീജിയണൽ AI സെന്റർ | രണ്ടാം അർദ്ധ വർഷം |
| 32 | നീലേശ്വരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(വാർഡ് XVII) | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ പിന്നീട് നികുതി അടവാക്കിയിട്ടുണ്ടോ എന്ന വിവരം പരിശോധിക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ ജീവനക്കാരുടെ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

IV. കച്ചവടക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും കച്ചവടക്കാർ രണ്ട് അർദ്ധവർഷത്തേയും തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു. വാർഡടിസ്ഥാനത്തിൽ ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

വാർഡ്- I

| ക്രമനം. | കച്ചവടക്കാരന്റെ പേര് | കച്ചവടത്തിന്റെ സ്വഭാവം |
|---|---|---|
| 1 | സുനിൽ കുമാർ | ബനാന മർച്ചന്റ് |
| 2 | അബൂബക്കർ | യൂണിവേഴ്സൽ ട്രെഡേഴ്സ് |
| 3 | അബ്ദുൾ അസീസ് | സൗഭാഗ്യ ലോട്ടറി സ്റ്റാൾ |
| 4 | കൃഷ്ണൻ | ഷീജ വാച്ച് വർക്സ് |
| 5 | ദിവാകരൻ | അശ്വതി ഓട്ടോമൊബൈൽ |
| 6 | വിനോദ് കുമാർ | പോപുലർ അലുമിനിയം |
| 7 | അശോകൻ | ടിവീസ് ടെന്റ് & ഡെക്കറേഷൻ |
| 8 | നൗഷാദ് | ഫാമിലി ബേക്കറി & ഫ്രൂട്ട്സ് |
| 9 | അബ്ദുൾ റഹിമാൻ | വെജിറ്റബിൾ മർച്ചന്റ് |
| 10 | ശ്രീജിത്ത് | ഏഞ്ചൽ സ്റ്റുഡിയോ |

| | | |
|---|---|---|
| 11 | അശോക് കുമാർ | ഫോട്ടോസ്റ്റാറ്റ് |
| 12 | സുരേന്ദ്രൻ | നിഷാ അയൺ & സ്റ്റീൽ |
| 13 | തമ്പാൻ | ടീവിസ് ബെഡ് സെന്റർ |
| 14 | ഉണ്ണികൃഷ്ണൻ | പ്രിന്റിങ് & പബ്ലിഷിങ് |
| 15 | വിനീത് | മലബാർ സുപ്രീം ഗോൾഡ് കവറിങ് |
| 16 | റോയ് | റോയ് ക്ലിനിക്ക് |
| 17 | രാഘവൻ | മൂകാമ്പിക ഓട്ടോ വർക്സ് |
| 18 | രാമാനുജൻ | ഓർമ ഫാൻസി |
| 19 | സജീവൻ | ആര്യശ്രീ ഫുട്വെയർ |
| 20 | സുമ | മെഹനാസ് ബ്യൂട്ടി പാർലർ |

വാർഡ് -II

| ക്രമ നം. | കച്ചവടക്കാരന്റെ പേര് | കച്ചവടത്തിന്റെ സ്വഭാവം |
|---|---|---|
| 1 | നാരായണൻ | സാഗർ ഏജൻസീസ് |
| 2 | അബൂബക്കർ | നസീർ സ്റ്റോർസ് |
| 3 | രാജീവൻ | ഹോട്ടൽ ടേസ്റ്റ് ബഡ്സ് |
| 4 | ശശികുമാർ | കാഞ്ഞിരക്കൽ ജ്വല്ലറി |
| 5 | വിജയൻ | സ്കോളർ കമ്പ്യൂട്ടർ |
| 6 | അജിത്ത് കുമാർ | വൃന്ദാവൻ ടൈലേഴ്സ് |
| 7 | ദേവസ്യ ജോസഫ് | ബിന്ദു ഇലക്ട്രിക്കൽ വർക്സ് |
| 8 | പ്രസീത | നിത്യാനന്ദ കൺസ്ട്രക്ഷൻസ് |
| 9 | സതീശൻ | വെങ്ങാട്ട് ഹോം അപ്ലയൻസ് |
| 10 | സംഗീത ജി പ്രഭു | സിമന്റ് ഷോപ്പ് |

വാർഡ് -III

| ക്രമനം. | കച്ചവടക്കാരന്റെ പേര് | കച്ചവടത്തിന്റെ സ്വഭാവം |
|---|---|---|
| 1 | രജിത | നോക്കിയ മൊബൈൽ സെന്റർ |
| 2 | കുഞ്ഞിരാമൻ | മധുരിമ ഡിജിറ്റൽ സ്റ്റുഡിയോ |
| 3 | സാഗർ | ഗോൾഡ് കവറിങ് |
| 4 | നാരായണ പൈ | സ്റ്റേഷനറി ഷോപ്പ് |
| 5 | ശങ്കരൻ നമ്പൂതിരി | ആധാരം എഴുത്ത് |
| 6 | രാജൻ | ഇലക്ട്രിക്കൽ വർക്സ് |
| 7 | കുഞ്ഞിരാമൻ | ആധാരം എഴുത്ത് |
| 8 | ബഷീർ | സി ഡി വേൾഡ് |

| | | |
|---|---|---|
| 9 | മുത്തലീബ് | ശിശില റെഡിമെയ്ഡ്സ് |
| 10 | ശംശുദ്ധീൻ | ആരോഗ്യ ടെക്സ്റ്റയിൽസ് |

വാർഡ് -IV

| ക്രമനം. | കച്ചവടക്കാരന്റെ പേര് | കച്ചവടത്തിന്റെ സ്വഭാവം |
|---|---|---|
| 1 | സജിത്ത് | തനിയ സ്റ്റുഡിയോ |
| 2 | മേരി ജോസഫ് | ബ്യൂട്ടി പാർലർ |
| 3 | സുബാഷ് | മോഡേൺ ബിൽഡേഴ്സ് |
| 4 | രതീഷ് | കള്ളു ഷാപ്പ് |

വാർഡ് - V മുതൽ XVIII വരെ

| ക്രമനം. | കച്ചവടക്കാരന്റെ പേര് | വാർഡ് നം. | കച്ചവടത്തിന്റെ സ്വഭാവം |
|---|---|---|---|
| 1 | രാജൻ | V | ശ്രീലക്ഷ്മി ഇൻഡസ്ട്രീസ് |
| 2 | മോഹനൻ | V | ആധാരം എഴുത്ത് |
| 3 | സുനിൽ കുമാർ | VI | ഇലക്ട്രിക്കൽ ഷോപ്പ് |
| 4 | ദയാ സാഗർ | VII | കോക്കോ നിയോസ് |
| 5 | കൃഷ്ണൻ | IX | ഗ്രോസറി |
| 6 | റസാഖ് | XI | ഗ്രോസറി |
| 7 | നാരായണൻ | XI | ഹോട്ടൽ |
| 8 | രവി കടവത്ത് | XI | RK ബിൽഡേഴ്സ് |
| 9 | ഷറഫുദ്ധീൻ | XII | ഹിൽ പ്രൊഡക്ട്സ് |
| 10 | വിനയൻ | XII | ഫർണിച്ചർ ഷോപ്പ് |
| 11 | സൗദ മാധവൻ | XIII | റൂബി ബ്യൂട്ടി പാർലർ |
| 12 | നിധീഷ് | XIII | ഫ്ലക്സ് പ്രിന്റിങ് |
| 13 | അബ്ദുൾ റഷീദ് | XIV | ഗ്രോസറി |
| 14 | ഹമീദ് | XIV | റോയൽ ബേക്കറി |
| 15 | വിനോദ് | XV | ടൈലറിങ് ഷോപ്പ് |
| 16 | മോഹനൻ | XV | അമൃത ടൈലേഴ്സ് |
| 17 | അബ്ദുൾ ലത്തീഫ് | XVI | സ്പെയർ പാർട്സ് കട |
| 18 | പ്രകാശൻ | XVI | മിനറൽ വാട്ടർ കച്ചവടം |
| 19 | അബ്ദുൾ ജലീൽ | XVII | സ്റ്റേഷനറി |
| 20 | സക്കീന | XVII | ക്രസന്റ് ഫ്ലോർമിൽ |
| 21 | ദേവരാജൻ | XVIII | വാസവി ടെന്റ്&ഡക്കറേഷൻ |
| 22 | അബ്ദുൾ സലാം | XVIII | മാസ് ഫർണിച്ചർ |

ഇതിനു പുറമേ മറ്റു ചില കച്ചവടക്കാർ ഏതെങ്കിലും ഒരു അർദ്ധവർഷത്തേക്കുള്ള നികുതി മാത്രം അടവാക്കിയതായും കാണുന്നു. നികുതി അടവാക്കാൻ അവശേഷിക്കുന്ന കച്ചവടക്കാരുടെ പിന്നീടുള്ള നികുതി അടവ് വിവരം പരിശോധിക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാൻ അവശേഷിക്കുന്ന മുഴുവൻ കച്ചവടക്കാരിൽ നിന്നും നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

V. പത്രിക സമർപ്പിക്കുമ്പോൾ കൃത്യമായ ശമ്പള വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നില്ല:

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 ൽ നിഷ്കർഷിച്ചിരിക്കുന്ന ഫോറം നം. VII പ്രകാരമാണ് ജീവനക്കാരുടെ ശമ്പള വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിക്കേണ്ടത്. എന്നാൽ മിക്ക സ്ഥാപനങ്ങളും അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തുമ്പോൾ ഉൾപ്പെടുത്തേണ്ടുന്ന ബോണസ്/ഉൽസവ ബത്ത, ശമ്പള കുടിശ്ശിക, ലീവ് സറണ്ടർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത ഫോറത്തിൽ ഉൾപ്പെടുത്തേണ്ടതായിട്ടില്ലാത്ത യാത്രാ ബത്ത, വീട്ടു വാടക ബത്ത തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇക്കാരണത്താൽ തൊഴിൽ നികുതി ഈടാക്കുന്നതിൽ വ്യത്യാസം സംഭവിക്കാൻ ഇടയുണ്ട്. ഇക്കാര്യം സ്ഥാപന മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തി ഭാവിയിൽ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തി പത്രിക സമർപ്പിക്കാൻ നിർദേശം നൽകേണ്ടതാണ്.

ഇതിനു പുറമേ ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ ശമ്പള വിവരം യാതൊന്നും രേഖപ്പെടുത്താതെയും മറ്റു ചില സ്ഥാപനങ്ങൾ അപൂർണ്ണമായി രേഖപ്പെടുത്തിയും പത്രിക സമർപ്പിക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

1. കെ എസ് ഇ ബി , നീലേശ്വരം

2. എൽ ഐ സി, നീലേശ്വരം

3. എഫ് സി ഐ ഡിപ്പോ , നീലേശ്വരം

ഭാവിയിൽ ശമ്പള വിവരങ്ങൾ മുഴുവൻ ഉൾപ്പെടുത്തി പത്രിക സമർപ്പിക്കാൻ സ്ഥാപന മേധാവികൾക്ക് നിർദേശം നൽകേണ്ടതാണ്. ഇക്കാര്യം പരിശോധിച്ച് നികുതിച്ചോർച്ചയുണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 08 / 25.09.2017)

## 2-4 ഷോപ്പിങ് കോംപ്ലക്സ് വാടക - പൊതു അപാകതകൾ

ഷോപ്പിങ് കോംപ്ലക്സ് വാടക വരവ് പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. നിയമാവലി തയ്യാറാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 215, 2000 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജിക്കലും കൈയ്യൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം 7 എന്നിവ പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായ വസ്തുക്കൾ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതാണ്. മുനിസിപ്പാലിറ്റിയിലെ ഷോപ്പിങ് കോംപ്ലക്സിന്റെ 48 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മുറികൾ വാടകയ്ക്ക് നൽകുന്നത് നിയമാവലി തയ്യാറാക്കാതെയാണ്. ഇത്തരത്തിൽ നിയമാവലി ഇല്ലാതെ ഈടാക്കുന്ന വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയ്ക്ക് നിയമപരമായ പിൻബലം ലഭിക്കാതിരിക്കുകയും കുടിശ്ശികക്കാർക്കെതിരെ നിയമ നടപടികൾ

സ്വീകരിക്കാൻ സാധിക്കാതെ വരുകയും ചെയ്യും. ആയതിനാൽ നിയമവ്യവസ്ഥ ഉൾക്കൊള്ളിച്ച കൊണ്ട് നിയമാവലി തയ്യാറാക്കി ബന്ധപ്പെട്ട അധികാരികളിൽ നിന്നും അംഗീകാരം നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. നഗരസഭ ലഭ്യമാക്കിയ വാർഷിക വരവ് ചെലവ് പത്രിക പ്രകാരം 2016-17 വർഷത്തേക്ക് 4438/- രൂപയും മുൻവർഷങ്ങളിലായി 1,23,889 രൂപയും വാടകയിനത്തിൽ ലഭ്യമാകുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ 4438/- രൂപ കുടിശ്ശികയുടെ വിശദാംശങ്ങൾ ലഭ്യമാക്കുകയുണ്ടായി . കൂടാതെ 1,23,889 രൂപ കുടിശ്ശികയായി വാർഷിക കണക്കിൽ തെറ്റായി ഉൾപ്പെടുത്തിയതാണെന്ന് സെക്രട്ടറി അറിയിക്കുകയുമുണ്ടായി. പ്രസ്തുത തുകയുടെ കൃത്യത പരിശോധിച്ച് വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും പുരോഗതി വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. നിലവിലുള്ള 48 മുറികളിലെ വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. വാടക കുടിശ്ശിക വരുത്തിയാലോ കടമുറികൾക്ക് കേടുപാടുകൾ ഉണ്ടാക്കുകയോ ചെയ്താൽ ആയത് ക്രമപ്പെടുത്തുന്നതിനായി സെക്യൂരിറ്റി ഡെപോസിറ്റ് ഉപയോഗപ്പെടുത്താവുന്നതാണ്. ആയതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാൻ അവശേഷിക്കുന്ന വാടകക്കാരിൽ നിന്നും തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 12 / 27.09.2017)

## **2-5** <u>ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ - മുഴുവൻ സ്ഥാപനങ്ങളും റജിസ്റ്റർ ചെയ്തിട്ടില്ല</u>

1999 ലെ കേരള മുനിസിപ്പാലിറ്റി ( ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ)ചട്ടങ്ങൾ പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി റജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടില്ലാത്തതാണ്. മേൽ ചട്ട പ്രകാരം 6 സ്ഥാപനങ്ങൾക്ക് മാത്രമാണ് 2016-17 വർഷത്തേക്ക് മുനിസിപ്പൽ അധികൃതർ അനുമതി നൽകിയിരിക്കുന്നത്(ഇതിൽ 2 സ്ഥാപനങ്ങൾ പുതുതായി റജിസ്റ്റർ ചെയ്തതാണ്) . എന്നാൽ പ്രസ്തുത വിവരം രേഖപ്പെടുത്തി വയ്ക്കുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ റജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ മനസിലാക്കാൻ സാധിച്ചിട്ടില്ല. കൂടാതെ തൊഴിൽ നികുതി സ്ഥാപന റജിസ്റ്റർ പരിശോധിച്ചതിൽ 6 ൽ കൂടുതൽ ട്യൂട്ടോറിയൽ/റ്റ്യൂഷൻ സെന്ററുകൾ നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിച്ച് വരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | വാർഡ് നം. |
|---|---|---|
| 1 | സനാതന ആർട്സ് & സയൻസ് കോളേജ് | I |
| 2 | സ്കോളർ കോളേജ്, നീലേശ്വരം | II |
| 3 | ഗുരുകുലം കമ്പ്യൂട്ടർ സെന്റർ | II |
| 4 | കെ ജി പി സ്റ്റഡി സെന്റർ | II |
| 5 | ഡിജിറ്റ് കമ്പ്യൂട്ടർ എജ്യൂക്കേഷൻ | III |
| 6 | വിവേകാനന്ദ കോളേജ് , നീലേശ്വരം | III |
| 7 | ജി ടെക് കമ്പ്യൂട്ടർ എജ്യൂക്കേഷൻ, നീലേശ്വരം | III |
| 8 | വൺ സീറോ കമ്പ്യൂട്ടേഴ്സ്(നിയർ കോ-ഓപ്പ് ബാങ്ക്) | III |

| | | |
|---|---|---|
| 9 | മഹാത്മ കോളേജ് ഓഫ് എജ്യുക്കേഷൻ (ബിഎഡ് സെന്റർ) | VII |
| 10 | പേരോൽ റ്റ്യൂഷൻ സെന്റർ | XIII |
| 11 | ദക്ഷിണ ഭാരത് ഹിന്ദി മഹാ വിദ്യാലയം | XI |
| 12 | സരസ്വതി വിദ്യാമന്ദിരം | XII |

തൊഴിൽ നികുതി സ്ഥാപന റജിസ്റ്ററിൽ ഉൾപ്പെടാത്ത ചില സ്ഥാപനങ്ങൾ കൂടി മുനിസിപ്പൽ പരിധിയിൽ പ്രവർത്തിച്ച് വരുന്നതായി ഓഡിറ്റന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

1. സ്കോളർ കമ്പ്യൂട്ടർ സെന്റർ

2. വൺസീറോ റ്റ്യൂഷൻ സെന്റർ

3. മാസ്റ്റേഴ്സ് റ്റ്യൂഷൻ സെന്റർ

4. ആപെക്സ് എജ്യുക്കേഷൻ

5. പ്ലാസ്മ റ്റ്യൂഷൻ സെന്റർ

6. റോയൽ റ്റ്യൂഷൻ സെന്റർ

മുകളിൽക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് പുറമേ സമാന സ്വഭാവമുള്ള മറ്റു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി പ്രസ്തുത സ്ഥാപനങ്ങൾക്ക് റജിസ്ട്രേഷൻ നൽകാനുള്ള നടപടികളും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറി നം. 10 / 27.09.2017)

## 2-6 തടി നികുതി ഈടാക്കുന്നില്ല

ഡി & ഒ ലൈസൻസ് പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാർ തടി വ്യാപാരം നടത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | കച്ചവടക്കാരന്റെ പേരും വിലാസവും | വാർഡ് നം.&കെട്ടിട നം. |
|---|---|---|
| 1 | വി വി കുഞ്ഞമ്പു<br>പൗർണിമ, മാർക്കറ്റ്, നീലേശ്വരം | XIV / I |
| 2 | ഫ്രാൻസിസ് തൈപ്പാടത്ത്<br>പുഷ്പഗിരി, തളിപ്പറമ്പ | VII / I A |
| 3 | ജോസ് വി ജെ<br>വാഴപ്പാക്കൽ, പാലാത്തടം | VII / 16 G |
| 4 | രാഘവൻ നായർ<br>പട്ടേന, ബ്ലോക്ക് ഓഫീസ് റോഡ് | VII / 287 |
| 5 | ജോസ് വി ജെ<br>വാഴപ്പാക്കൽ, പാലാത്തടം | VIII / 267 |
| 6 | മുഹമ്മദ് കുഞ്ഞി<br>പാലായി | VIII / 397 |
| 7 | ഷീനാ മോൾ & അബ്ദുൾ ജബ്ബാർ | VIII / 400A |

| | | |
|---|---|---|
| | പുത്തരിയടുക്കം | |
| 8 | ടി മുഹമ്മദ്<br>തലക്കൽ , കരുവാച്ചേരി | VIII / 401 |
| 9 | ഷാജി മടവന ജോസഫ്<br>പാണത്തൂർ ടിമ്പേഴ്സ് | VIII / 399 N |
| 10 | അബ്ദുൾ റഹിമാൻ<br>ആയിഷ മൻസിൽ , കാടംങ്കോട് | V/ 446,447,448 |
| 11 | അബൂബക്കർ ഹാജി<br>തുരുത്തി | V / 414,415 |

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 277,278 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിനകത്തേക്ക് കൊണ്ടു വരുന്നതോ വിൽപ്പനയ്ക്കായി സൂക്ഷിച്ചിട്ടുള്ളതോ ആയ തടിക്ക് കൗൺസിൽ പ്രമേയം മൂലം തടി നികുതി ഈടാക്കാവുന്നതാണ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ ഇത്തരത്തിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന ചെക്കുകൾ ബാങ്കിൽ അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നു-

മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ടുന്ന നികുതി തുകകൾ പണമായോ, ചെക്ക്/ഡിഡിയായോ സ്വീകരിക്കാറാണ് പതിവ്. പണമായി സ്വീകരിക്കുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നുണ്ടെങ്കിലും നികുതിദായകർ ഫ്രണ്ട് ഓഫീസ് വഴി ചെക്ക്/ഡിഡി ഇനത്തിൽ അടവാക്കിയ താഴെക്കൊടുത്തിരിക്കുന്ന നികുതി തുകകൾ ബാങ്കിൽ കലക്ഷനു നൽകാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ കാലതാമസം വരുത്തിയതായി ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| നികുതിദായകന്റെ പേര് | നികുതിഇനം | നികുതി തുക | ചെക്ക് / ഡിഡി ഫ്രണ്ട് ഓഫീസിൽ ലഭിച്ച തീയ്യതി | രശീതി നം& തീയ്യതി |
|---|---|---|---|---|
| റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | കെട്ടിട നികുതി | 2282 | 29.04.17 | 117060400002<br>തീ.29.04.17<br>(ഡിഡി നം.024350 തീ.26.04.17) |
| കെ എസ് ഇ ബി നീലേശ്വരം | തൊഴിൽ നികുതി | 1250 | 19.08.17 | 117060400007<br>തീ.19.08.17<br>(ചെക്ക് നം.161035 തീ.11.08.17) |
| എസ് ബി ഐ നീലേശ്വരം | തൊഴിൽ നികുതി | 4750 | 21.08.17 | 117060500008<br>തീ.21.08.17<br>(ചെക്ക് നം.017179 തീ.01.08.17) |

| | | | | |
|---|---|---|---|---|
| പ്രിൻസിപ്പാൾ ,RHH നീലേശ്വരം | തൊഴിൽ നികുതി | 16250 | 22.08.17 | 117060500009<br>തീ.21.08.17<br>(ചെക്ക് നം.7912171 തീ.22.08.17) |
| മാനേജർ ,SBI നീലേശ്വരം | തൊഴിൽ നികുതി | 12500 | 24.08.17 | 117060500011<br>തീ.24.08.17<br>(ചെക്ക് നം.765787 തീ.04.08.17) |
| കേരള ഗ്രാമീൺ ബാങ്ക്, നീലേശ്വരം | തൊഴിൽ നികുതി | 7500 | 26.08.17 | 117060400003<br>തീ.26.08.17<br>(ഡിഡി നം.923499 തീ.23.08.17) |
| കേരള ഗ്രാമീൺ ബാങ്ക്, നീലേശ്വരം | തൊഴിൽ നികുതി | 1250 | 26.08.17 | 117060400004<br>തീ.26.08.17<br>(ഡിഡി നം.923499 തീ.23.08.17) |
| കാനറ ബാങ്ക് നീലേശ്വരം | തൊഴിൽ നികുതി | 12000 | 29.08.17 | 117060400005<br>തീ.29.08.17<br>(ഡിഡി നം.641657 തീ.28.08.17) |
| മെഡിക്കൽ ഓഫീസർ , ഹോമിയോ | തൊഴിൽ നികുതി | 2500 | 29.08.17 | 117060500012<br>തീ.29.08.17<br>(ചെക്ക് നം.7274048 തീ.29.08.17) |
| ബ്രാഞ്ച് മാനേജർ ,വിജയാ ബാങ്ക് | തൊഴിൽ നികുതി | 6250 | 30.08.17 | 117060400006<br>തീ.30.08.17<br>(ഡിഡി നം.331422 തീ.24.08.17) |
| കെ എസ് എഫ് ഇ ലിമി., നീലേശ്വരം | തൊഴിൽ നികുതി | 13500 | 30.08.17 | 117060500013<br>തീ.30.08.17<br>(ചെക്ക് നം.070093 തീ.30.08.17) |
| കെ എസ് എഫ് ഇ ലിമി., നീലേശ്വരം | തൊഴിൽ നികുതി | 1250 | 30.08.17 | 117060500014<br>തീ.30.08.17 |

| | | | | |
|---|---|---|---|---|
| | | | | (ചെക്ക് നം.70093 തീ.30.08.17) |
| താലൂക്ക് ഹോസ്പിറ്റൽ നീലേശ്വരം | തൊഴിൽ നികുതി | 63750 | 30.08.17 | 117060500015 തീ.30.08.17 (ചെക്ക് നം.7411713 തീ.29.08.17) |
| എ എൽ പി സ്കൂൾ പാലായി | തൊഴിൽ നികുതി | 5000 | 30.08.17 | 117060500016 തീ.30.08.17 (ചെക്ക് നം.6633462 തീ.30.08.17) |
| വിനീത ,IKM | തൊഴിൽ നികുതി | 1000 | 31.08.17 | 117060500017 തീ.31.08.17 (ചെക്ക് നം.758957 തീ.22.08.17) |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | തൊഴിൽ നികുതി | 3750 | 31.08.17 | 117060500018 തീ.31.08.17 (ചെക്ക് നം.2001321 തീ.31.08.17) |
| സിനാജുദ്ധീൻ | തൊഴിൽ നികുതി | 1250 | 31.08.17 | 117060500019 തീ.31.08.17 (ചെക്ക് നം.2001323 തീ.31.08.17) |
| ജി എൽ പി സ്കൂൾ | തൊഴിൽ നികുതി | 7000 | 02.09.17 | 117060500020 തീ.02.09.17 (ചെക്ക് നം.6622604 തീ.31.08.17) |
| വെറ്ററിനറി ഹോസ്പിറ്റൽ , നീലേശ്വരം | തൊഴിൽ നികുതി | 5750 | 02.09.17 | 117060500021 തീ.02.09.17 (ചെക്ക് നം.6760738 തീ.02.09.17) |
| സീനി.വെറ്ററിനറി സർജൻ | തൊഴിൽ നികുതി | 1250 | 02.09.17 | 117060500022 തീ.02.09.17 (ചെക്ക് നം.6760738 തീ.02.09.17) |

| | | | | |
|---|---|---|---|---|
| HM, GWLPS നീലേശ്വരം | തൊഴിൽ നികുതി | 7000 | 02.09.17 | 117060500023<br>തീ.02.09.17<br>(ചെക്ക് നം.7490305 തീ.02.09.17) |
| ശ്രീ മന്നപുരത്ത് കാവ് ദേവസ്വം | തൊഴിൽ നികുതി | 12875 | 07.09.17 | 117060500024<br>തീ.07.09.17<br>(ചെക്ക് നം.011441 തീ.07.09.17) |
| എൽ ഐ സി , നീലേശ്വരം | തൊഴിൽ നികുതി | 38750 | 08.09.17 | 117060500025<br>തീ.08.09.17<br>(ചെക്ക് നം.512264 തീ.30.08.17) |
| എൽ ഐ സി , നീലേശ്വരം | തൊഴിൽ നികുതി | 1250 | 08.09.17 | 117060500026<br>തീ.08.09.17<br>(ചെക്ക് നം.512265 തീ.30.08.17) |
| RHS , നീലേശ്വരം | തൊഴിൽ നികുതി | 83750 | 11.09.17 | 117060500027<br>തീ.11.09.17<br>(ചെക്ക് നം.6622231 തീ.11.09.17) |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ,PWD | തൊഴിൽ നികുതി | 6250 | 11.09.17 | 117060500028<br>തീ.11.09.17<br>(ചെക്ക് നം.1963219 തീ.31.08.17) |
| GLPS പരുത്തിക്കാമുറി | തൊഴിൽ നികുതി | 5750 | 13.09.17 | 117060500029<br>തീ.13.09.17<br>(ചെക്ക് നം.6622583 തീ.13.09.17) |
| സർവ്വീസ് സഹകരണ ബാങ്ക്, നീലേശ്വരം | തൊഴിൽ നികുതി | 56610 | 12.09.17 | 117060500030<br>തീ.13.09.17<br>(ചെക്ക് നം.006361 തീ.12.09.17) |
| കെ എസ് ഇ ബി , നീലേശ്വരം | തൊഴിൽ നികുതി | 42500 | 14.09.17 | 117060500031<br>തീ.14.09.17 |

| | | | | |
|---|---|---|---|---|
| | | | | (ചെക്ക് നം.186658 തീ.31.08.17) |
| FCI ഏരിയ മാനേജർ , കണ്ണൂർ | തൊഴിൽ നികുതി | 14500 | 15.09.17 | 117060500032 തീ.15.09.17 (ചെക്ക് നം.383164 തീ.15.09.17) |
| FCI ഏരിയ മാനേജർ , കണ്ണൂർ | തൊഴിൽ നികുതി | 67000 | 15.09.17 | 117060500033 തീ.15.09.17 (ചെക്ക് നം.383178 തീ.11.09.17) |
| സെൻട്രൽ എക്സൈസ് ഓഫീസ് , നീലേശ്വരം | തൊഴിൽ നികുതി | 20600 | 15.09.17 | 117060500034 തീ.15.09.17 (ചെക്ക് നം.0375149 തീ.15.09.17) |
| GLPസ്കൂൾ , പേരോൽ | തൊഴിൽ നികുതി | 5750 | 15.09.17 | 117060500035 തീ.15.09.17 (ചെക്ക് നം.6622242 തീ.15.09.17) |
| ഫെഡറൽ ബാങ്ക്, നീലേശ്വരം | തൊഴിൽ നികുതി | 11550 | 16.09.17 | 117060500036 തീ.16.09.17 (ചെക്ക് നം.298338 തീ.12.09.17) |
| ഫെഡറൽ ബാങ്ക്, നീലേശ്വരം | തൊഴിൽ നികുതി | 1250 | 16.09.17 | 117060500037 തീ.16.09.17 (ചെക്ക് നം.298341 തീ.15.09.17) |
| കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ഹൗസിങ് സൊസൈറ്റി | തൊഴിൽ നികുതി | 6000 | 18.09.17 | 117060500038 തീ.18.09.17 (ചെക്ക് നം.013778 തീ.11.09.17) |
| ALPS മൂലപ്പള്ളി | തൊഴിൽ നികുതി | 3750 | 19.09.17 | 117060500039 തീ.19.09.17 (ചെക്ക് നം.6622266 തീ.15.09.17) |

| | | | | |
|---|---|---|---|---|
| NKBM ഹോമിയോ ഹോസ്പിറ്റൽ | തൊഴിൽ നികുതി | 16750 | 19.09.17 | 117060500040 തീ.19.09.17 (ചെക്ക് നം.7352199 തീ.19.09.17) |
| ആകെ തുക | | 5,71,917 | | |

മേൽ പരാമർശിച്ച ചെക്ക്/ഡിഡികൾ ബാങ്കിൽ കലക്ഷനു നൽകിയ തീയ്യതിയും ആയത് അക്കൗണ്ടിൽ വരവ് വന്ന തീയ്യതിയും അറിയിക്കാനായി ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 04 / 23.09.2017). ചെക്ക്&ഡ്രാഫ്റ്റ് റജിസ്റ്ററിലും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മുനിസിപ്പാലിറ്റിയുടെ 20.09.2017 തീയ്യതി വരെയുള്ള നികുതി വരവുകൾ ഓഡിറ്റിൽ പരിശോധിച്ചിരുന്നുവെങ്കിലും പ്രസ്തുത തീയ്യതി വരെ മേൽ പരാമർശിച്ച ചെക്ക്/ഡിഡി തുകകൾ തനത്ഫണ്ട് ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ചെക്ക്/ഡിഡികൾ പണത്തിന് സമമാണ്. ആയതിനാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ചെക്ക്/ഡിഡികൾ ബാങ്കിൽ കലക്ഷനായി ഏൽപ്പിക്കേണ്ടതായിരുന്നു. ഇത്തരത്തിലുള്ള പ്രവൃത്തികൾ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഫ്രണ്ട് ഓഫീസ് ചുമതലയുള്ള കാഷ്യർക്ക് ഇക്കാര്യത്തിൽ കർശന നിർദേശം നൽകേണ്ടതാണ്. മേൽ അപാകതകൾക്കുള്ള വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-8 സേവനങ്ങൾ നൽകുന്നതിന് നികുതി ഈടാക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 230(4), 2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം മുനിസിപ്പാലിറ്റിക്ക് ശുചിത്വ പരിപാലനം,ജലവിതരണം,തെരുവ് വിളക്കുകളും ഡ്രയിനേജും എന്നീ സേവനങ്ങൾ ഏർപ്പെടുന്നതിലേക്കായി മുനിസിപ്പാലിറ്റിയുടെ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. മേൽചട്ടത്തിലെ ചട്ടം 26,27 എന്നിവ പ്രകാരം മുനിസിപ്പൽ പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയിൽ ഇത്തരത്തിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാറിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285 -ാം അനുഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ മേൽപരാമർശിച്ച സേവനങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്ന സംഗതിയിൽ വസ്തുനികുതിയുടെ 75 ശതമാനവും, ഭാഗികമായി സേവനങ്ങൾ ലഭ്യമാക്കുന്ന സംഗതികളിൽ 50 ശതമാനവും,സേവനങ്ങളൊന്നും പ്രത്യേകമായി ലഭ്യമാക്കിയിട്ടില്ലാത്ത സംഗതികളിൽ വസ്തുനികുതിയുടെ 33 1/3 ശതമാനവും സർവ്വീസ് ചാർജായി ഈടാക്കാവുന്നതാണ്. എന്നാൽ മുനിസിപ്പൽ പരിധിയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിട നികുതി നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് ചാർജ് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ മേൽ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 2-9 നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം - അവലോകനം

നീലേശ്വരം ഗ്രാമപഞ്ചായത്ത് , നഗരസഭയായി ഉയർത്തിയത് 2010 ലാണ്. നഗരസഭയായി മാറിയപ്പോൾ, വസ്തുനികുതി നിർണ്ണയത്തിനായി,വിവിധ തരം കെട്ടിടങ്ങൾക്കുള്ള ഏറ്റവും കുറഞ്ഞ വസ്തുനികുതി എത്രയെന്ന് നിർണ്ണയിക്കുകയോ, വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്തില്ല. പകരം, പഞ്ചായത്ത് ഡിമാന്റ് ചെയ്തിരുന്ന വസ്തുനികുതിയുടെ കൂടെ 9% സേവനനികുതി കൂടി ചേർത്ത്, പുതുക്കിയ നികുതി കണക്കാക്കുകയാണുണ്ടായത്.

നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 14.01.2011 ലെ സ.ഉ(അ) നം.18/2011 /തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇവ പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 01.04.2011 മുതലുമാണ് പ്രാബല്യം നൽകിയിരുന്നത്, ഈ ആവശ്യത്തിലേക്കായി സ.ഉ.(അ) നം.17/2011/തസ്വഭവ 14.01.2011 ലെ ഉത്തരവ് പ്രകാരം ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് സർക്കാർ വിജ്ഞാപനം ചെയ്തു.എന്നാൽ പുതിയ നിരക്ക് പ്രാബല്യത്തിൽ വരുന്നത് 01.04.2011 നാണ്. എന്നാൽ വസ്തു നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നത് വരെ നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് പഴയനിരക്കിൽ ഈടാക്കിയതിലെ അപാകം (കൂടുതൽ /കുറവ്) പിന്നീട് ഒടുക്കേണ്ട നികുതിയിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.എന്നാൽ 15.03.2013 ന് സ.ഉ.(അ) നം.100/2013 ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭോദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചു. ടി ഭേദഗതി ചട്ടങ്ങൾക്ക് 2013 എപ്രിൽ 1 മുതലാണ് പ്രാബല്യം നൽകിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 02.12.2013 ലെ സ.ഉ(എം.എസ്) നം.371/2013/തസ്വഭവ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 01.04.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലുമാണ് ഈ ചട്ടം ബാധകമാക്കിയിരിക്കുന്നത്.ടി ഉത്തരവിൽ വസ്തു നികുതി നിർണയത്തിനായി ഇൻഫോർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള കംപ്യൂട്ടർ സോഫ്റ്റ് വെയർ ഉപയോഗിച്ച് വസ്തു നിർണയം നടത്താവുന്നതും നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നഗരസഭയിൽ 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിന് ശേഷം നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നത്.

വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നാളിതുവരെ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. പരിഷ്കരണത്തിന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പഴയ നിരക്കിലാണ് ഡിമാന്റ് ചെയ്ത് ഈടാക്കുന്നത്. കൂടാതെ 2015 ൽ പടന്ന ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഏതാനും ഭാഗങ്ങൾ നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 25,26 എന്നീ വാർഡുകളിൽ കൂട്ടിച്ചേർക്കുകയുണ്ടായി. ഈ കെട്ടിടങ്ങളെ, നഗരസഭയിലെ ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. ഈ വാർഡുകളിലെ എല്ലാ കെട്ടിടങ്ങളെയും റീ നമ്പർ ചെയ്തതിനു ശേഷം മാത്രമേ നടപടികൾ വേഗത്തിലാക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ കൂട്ടിച്ചേർത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ഇപ്പോഴും പടന്ന ഗ്രാമപഞ്ചായത്തിലെ ഡിമാന്റിലാണുള്ളത്. ഇത് ക്രമപ്പെടുത്താനുള്ള നടപടികൾ വേഗത്തിലാക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 233 (4) പ്രകാരം ഓരോ അഞ്ച് വർഷം കൂടുമ്പോഴും നികുതി നിരക്കുകൾ പരിഷ്കരിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 01.04.2013ൽ പരിഷ്കരിച്ച നികുതി 25% വർദ്ധനവോട്കൂടി 2018 ഏപ്രിൽ 1 മുതൽ പരിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. എന്നാൽ 01.04.2013ലെ പരിഷ്കരണം നാളിതുവരെ നടപ്പിലാക്കാത്തതിനാൽ തുടർന്നുള്ള വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കാനാകില്ല. ആയതിനാൽ പരിഷ്കരിച്ച നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയിൽ നാളിതുവരെ ബേസ് ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല. സഞ്ചയ- സാംഖ്യ സോഫ്റ്റ്‌വെയറുകൾ ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. ഇതുകാരണം വസ്തുനികുതി ഡിമാന്റ്, സാംഖ്യയിൽ ലഭ്യമല്ല. സഞ്ചയ ഡാറ്റാ എൻട്രി പൂർത്തിയാക്കി സാംഖ്യ ഇന്റഗ്രേഷനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. 01.04.2013 മുതൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക്, പുതുക്കിയ നിരക്കിലാണ് നികുതി

നിർണ്ണയിച്ചിട്ടുള്ളത്. 01.04.2013 ന് ശേഷം ഘടനാപരമായ മാറ്റം സംഭവിക്കുകയോ , ഉപയോഗക്രമത്തിൽ മാറ്റം വരുകയോ ചെയ്ത കെട്ടിടങ്ങൾക്കു മാത്രമാണ് നിലവിൽ വസ്തുനികുതി പുതുക്കി നിർണ്ണയിച്ചിട്ടുള്ളത്. പ്രസ്തുത കാലയളവിന് മുമ്പ് നഗരസഭയിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നഗരസഭാപരിധിയിലുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ 'സഞ്ചയ´യിൽ പൂർണ്ണമായും ചേർക്കേണ്ടതും അവയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാൻഡ് രജിസ്റ്റർ, വേക്കൻസി റമിഷൻ, ഡിമോളിഷ്ഡ് ബിൽഡിംഗ് രജിസ്റ്റർ, റൈറ്റ് ഓഫ് രജിസ്റ്റർ തുടങ്ങിയവയൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ കണക്കാക്കുന്നതിന് യാതൊരു രേഖകളും നഗരസഭ സൂക്ഷിയ്ക്കുന്നില്ല. സാംഖ്യ അക്കൌണ്ട് പ്രകാരം കളക്ഷൻ രേഖപ്പെടുത്തുകയും, കൃത്യതയില്ലാതെ തൻവർഷ ഡിമാന്റ് അക്കൌണ്ടിൽ രേഖപ്പെടുത്തുന്നതും കാരണം ധനകാര്യ പത്രികയിലെ തൻവർഷ വരവ്, കുടിശ്ശിക, ഡിമാന്റ് എന്നിവക്കും ഒരു കൃത്യതയുമില്ല. ഇക്കാരണത്താൽ നഗരസഭയ്ക്ക് ലഭിയ്ക്കേണ്ട എല്ലാ നികുതി വരുമാനവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനോ, നഷ്ടം നിജപ്പെടുത്തുന്നതിനോ കഴിയുന്നില്ല.

വിമുക്തഭടന്മാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഏതെങ്കിലും ഒരു ഭവനത്തെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജി.ഒ (എം.എസ്സ്) 242 / 2013/ത.സ്വ.ഭ.വ തീയതി 02/07/2013-നമ്പർ ഉത്തരവ് പ്രകാരം മേൽ ഇളവിന് സർക്കാർ ചില നിബന്ധനകൾ നിഷ്കർഷിക്കുകയും ഇളവ് അനുവദിക്കാവുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റെ പരിധി 2000 ചതുരശ്ര അടിയായി (185.8 ച.മീ) നിജപ്പെടുത്തുകയും ചെയ്തിരുന്നു. 2016-17 വർഷം ഇത്തരത്തിലുള്ള മൂന്ന് അപേക്ഷകൾ മാത്രമേ നഗരസഭയിൽ ലഭിച്ചിട്ടുള്ളൂ.

സ.ഉ. (എം എസ്) നം. 144/15/ ത.സ്വ.ഭ.വ, തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.അഞ്ച് വർഷത്തെ അസസ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥൻ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ സത്യവാങ്മൂലം സമർപ്പിച്ച്, വളരെ കുറച്ച് നികുതിദായകർ മാത്രമേ, നികുതിയിളവ് നേടിയിട്ടുള്ളൂ. ഇപ്രകാരം നികുതിയിളവ് ലഭിക്കുമെന്നത് സംബന്ധിച്ച് നഗരസഭ വേണ്ടത്ര പ്രചാരണം നൽകിയിട്ടില്ല.

പുതുക്കിയ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഏതാനും ഫയലുകൾ പരിശോധിച്ചതിൽ ചില അപേക്ഷകളുടെ ഫോറം നം-6 ൽ (നികുതിനിർണ്ണയത്തിനായി സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയിക്കാനാവശ്യമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തി നൽകുന്ന റിപ്പോർട്ട് ) വിശദമായ വിവരങ്ങൾ (നിർമ്മാണ വസ്തുവിന്റെ തരം,എയർ കണ്ടീഷണർ ഉണ്ടോ, റോഡിന്റെ വീതിയെത്ര തുടങ്ങിയവ) ഉൾക്കൊള്ളുന്നില്ല.

നഗരസഭയിൽ, ബഹുനിലകെട്ടിടങ്ങൾ എന്ന നിലയിലുള്ളവ വളരെ കുറവായതിനാൽ , ഒന്നാം നില മുതൽ ഉയർന്ന നിലകളിലെ കെട്ടിടങ്ങൾക്കായി/മുറികൾക്കായി അനുവദിക്കുന്ന നികുതിയിളവ്, നിലവിൽ അനുവദിക്കുന്നില്ലായെന്നാണ് ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അറിയിച്ചത്.

അതിനാൽ എത്രയും വേഗം പടന്ന ഗ്രാമപഞ്ചായത്തിൽ നിന്നുള്ള നികുതിദായകരെയും കൂടി ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിനും, ബേസ് ഡാറ്റ എൻട്രി പൂർത്തീകരിക്കുന്നതിനും,കുടിശ്ശിക കൃത്യമാക്കി , ഫോറം നം-6 ന്റെ കൃത്യത സഞ്ചയയിൽ ഉറപ്പുവരുത്തി, ഡിമാന്റ്,കളക്ഷൻ എന്നിവ കൃത്യമാക്കുന്നതിനും, സാംഖ്യ – സഞ്ചയ സംയോജനം പൂർത്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്.

## 2-10 കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സേവനനികുതി (സർവ്വീസ് ചാർജ്ജ്) ഈടാക്കുന്നില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ , ചട്ടം 30 പ്രകാരം കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും, ഭരണഘടനയുടെ 285-ാംഅനുഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ,മുനിസിപ്പാലിറ്റിക്ക്, ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി, 2-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിലും സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും, സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

പൂർണ്ണതോതിൽ സേവനങ്ങൾ ലഭ്യമാക്കുന്ന സംഗതിയിൽ ഈ ചട്ടങ്ങൾ പ്രകാരം കണക്കാക്കപ്പെടാവുന്ന വസ്തുനികുതിയുടെ 75%, ഭാഗികമായ സേവനങ്ങൾക്ക് 50%, സേവനങ്ങളൊന്നും പ്രത്യേകമായി ലഭ്യമാക്കിയിട്ടില്ലെങ്കിൽ 33.33% വുമാണ്, സർവ്വീസ് ചാർജ്ജായി ഈടാക്കേണ്ടത്.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന, മേൽപറഞ്ഞ വിഭാഗത്തിൽപെട്ട പ്രധാന കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

1. എഫ്.സി.ഐ. ഗോഡൗണും അനുബന്ധ കെട്ടിടങ്ങളും

2. റെയിൽവേ സ്റ്റേഷനും അനുബന്ധ കെട്ടിടങ്ങളും

3. മെയിൻ പോസ്റ്റ് ഓഫീസ്,നീലേശ്വരം

നാളിതുവരെ ഈ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം കണക്കാക്കി, സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. എത്രയും വേഗം നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-11 ബി.എസ്.എൻ.എൽ. ഓഫീസ്, അനുബന്ധ കെട്ടിടങ്ങൾ എന്നിവയിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്, കേന്ദ്ര ഗവണ്മെന്റിനാൽ നിയന്ത്രിതമായ ഒരു സ്വയംഭരണ കമ്പനിയായതിനാൽ, ഈ കമ്പനിക്കു കീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് / കെട്ടിടങ്ങൾക്ക്, ഇന്ത്യൻ ഭരണഘടനയുടെ 285-ാം അനുഛേദം അനുസരിച്ചുള്ള, ഒഴിവാക്കലുകൾക്ക് (വസ്തുനികുതി ഉൾപ്പടെയുള്ള നികുതികളിൽ നിന്നും മറ്റും) അർഹതയുണ്ടായിരിക്കുന്നതല്ല.

അതിനാൽ, നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന, ബി.എസ്.എൻ.എൽ. ന്റെ ഉടമസ്ഥതയിലുള്ള ടെലിഫോൺ എക്സ്ചേഞ്ച്, സബ് ഡിവിഷണൽ എഞ്ചിനീയറുടെ ഓഫീസ്, ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ എന്നിവയുടെ തറവിസ്തീർണ്ണം കണക്കാക്കി, ചട്ടത്തിൽ അനുശാസിക്കുന്നതു പ്രകാരമുള്ള വസ്തുനികുതി, ഈടാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 2-12 മൊബൈൽ ടവറുകൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി നാളിതുവരെയും പ്രാബല്യത്തിൽ വരുത്തിയിട്ടില്ല

സ.ഉ(അ) നം.17/2011/തസ്വഭവ 14.01.2011 ലെ ഉത്തരവ് പ്രകാരം ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണത്തിന്

ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് സർക്കാർ വിജ്ഞാപനം ചെയ്തു. മൊബൈൽ ടവറുകൾക്ക് ചതുരശ്രമീറ്ററിന് നിശ്ചയിച്ച കുറഞ്ഞനിരക്ക് ₹ 400/- , കൂടിയ നിരക്ക് ₹ 500/- ആണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി നഗരസഭ, മൊബൈൽ ടവറുകൾക്ക് ചതുരശ്രമീറ്ററിന് നിശ്ചയിച്ച നിരക്ക് ₹ 500/- ആണ്. പുതിയ നിരക്ക് പ്രാബല്യത്തിൽ വരുന്നത് 01.04.2011 മുതലാണ്. എന്നാൽ നാളിതുവരെയും പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

നഗരസഭയിൽ നിന്നും ലഭ്യമാക്കിയ മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | ലൈസൻസി |
|---|---|---|---|
| 1 | I | 268 A | മാനേജർ,വോഡഫോൺ എസ്സാർ സെല്ലുലർ ലിമിറ്റഡ് |
| 2 | I | 268 B | മാനേജർ,ഭാരതി എയർ ടെൽ ലിമിറ്റഡ് |
| 3 | I | 936 A1 | മാനേജർ,ടാറ്റാ ടെലി സർവ്വീസസ് |
| 4 | II | 809 A | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് |
| 5 | III | 329 A | മാനേജർ,ടാറ്റാ ടെലി സർവ്വീസസ് |
| 6 | IV | 482 A | മാനേജർ,ഭാരതി ഇൻഫ്രാടെൽ |
| 7 | IV | 630 G | പ്രോജക്റ്റ് മാനേജർ,വോഡഫോൺ |
| 8 | VII | 282 A2 | മാനേജർ,വയർലെസ് TT ഇൻഫോ സർവ്വീസസ് |
| 9 | XI | 647 A1 | മാനേജർ,ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് |
| 10 | XIV | 477 R1 | മാനേജർ,ഐഡിയ മൊബൈൽ സർവ്വീസസ് |
| 11 | XIV | 477 R2 | മാനേജർ,ഐഡിയ മൊബൈൽ സർവ്വീസസ് |
| 12 | XV | 270 A | മാനേജർ,ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് |
| 13 | XVII | 214 A1 | ബി.എസ്.എൻ.എൽ. |
| 14 | XVIII | 315 D | ഐഡിയ സെല്ലുലർ ലിമിറ്റഡ് |

ഇവയുടെ തറവിസ്തീർണ്ണം കണക്കാക്കി, പുതുക്കിയ നിരക്ക് പ്രകാരമുള്ള വസ്തുനികുതി, കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്. നഗരസഭ പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും ഇപ്രകാരം നികുതി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-13 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച്

സ.ഉ(അ) നം.17/2011/തസ്വഭവ 14.01.2011 ലെ ഉത്തരവ് പ്രകാരം ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് സർക്കാർ വിജ്ഞാപനം ചെയ്തു.സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക്,ചതുരശ്രമീറ്റർ തറവിസ്തീർണത്തിന് നിശ്ചയിച്ച നിരക്ക് ₹ 15/- ആണ്. പുതിയ നിരക്ക് പ്രാബല്യത്തിൽ വരുന്നത് 01.04.2011 മുതലാണ്. എന്നാൽ നാളിതുവരെ, ഏതാനും സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | കെട്ടിട നം | തറവിസ്തീർണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മഹാത്മ കോളേജ് ഓഫ് എജ്യുക്കേഷൻ ആന്റ് ബി.എഡ്. സെന്റർ | VII/247 A | 75.4 m2 |
| | | VII/247 A1 | 2800.89 m2 |
| 2 | സ് പ്രിങ്ങ് ഡെയിൽ ഇംഗ്ലീഷ് സ്കൂൾ | II/940 A | 200.83 m2 |
| | | II/940 B | |
| 3 | സരസ്വതി വിദ്യാലയ | XII/134 B | ... |
| | | XII/134 D | 239.18 m2 |
| 4 | മർക്കസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ,കണിച്ചിറ | XXXI/…. | …. |

ഇവയുടെ തറവിസ്തീർണ്ണം ഉറപ്പ് വരുത്തി, വസ്തുനികുതി, കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 2-14 പ്രവർത്തന രഹിതമായ ബാങ്ക് അക്കൗണ്ടുകൾ

നീലേശ്വരം നഗരസഭ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ ആരംഭിച്ച വിവിധ ബാങ്ക് അക്കൗണ്ടുകൾ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനുശേഷവും നാമമാത്ര തുകകളുമായി തുടരുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി . നിലവിൽ ഇടപാടുകൾ നടത്തുന്നില്ലെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും പ്രസ്തുത അക്കൗണ്ടുകളിലെ തുകകൾ ഉൾപ്പെടുത്തേണ്ട അവസ്ഥയാണുള്ളത് . ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ പരിശോധിച്ച് സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കേണ്ട തുകകൾ ഒടുക്കേണ്ടതും , അവശേഷിച്ച തുകകൾ തനതുഫണ്ടിലേയ്ക്ക് മുതൽ കൂട്ടി അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യേണ്ടതുമാണ്.31-3-2017ൽ പ്രസ്തുത അക്കൗണ്ടുകളിലുള്ള നീക്കിയിരിപ്പ് തുക ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ബാങ്ക് | 31-3-2017 ലെ നീക്കിയിരിപ്പ് |
|---|---|---|
| 300(i) | കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് നീലേശ്വരം | ₹1,849 |
| -824075 | എസ്.ബി.റ്റി എസ്.ജി.ആർ.വൈ | ₹12,429 |
| -0404012 | നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക് EMS | ₹1,51,720 |
| -0404014 | നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക് MNOLHS | ₹1,586 |
| -102349 | നീലേശ്വരം അർബൻ സർവ്വീസ് സഹകരണ ബാങ്ക് | ₹13,369 |

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ 1.60 കോടി രൂപ വിനിയോഗിക്കുവാൻ സാധിച്ചില്ല

നഗരസഭയ്ക്ക് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ 2016-17 സാമ്പത്തിക വർഷം ആകെ ലഭിച്ച 10,21,88,425രൂപയിൽ 8,61,62,928രൂപ, ചെലവഴിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും 1,60,25,497 രൂപ സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ല. നഗരസഭയുടെ അടിസ്ഥാന സൗകര്യ

വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണിത്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ്സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടത് |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3,19,67,251 | 3,12,32,101 | 7,35,150 |
| വികസനഫണ്ട് എസ്.സി.പി. | 49,15,689 | 34,27,662 | 14,88,027 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4,15,71,032 | 3,05,90,473 | 1,09,80,559 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 30,76,180 | 16,45,697 | 14,30,483 |
| സംരക്ഷണഗ്രാന്റ് റോഡ് | 1,06,27,557 | 93,83,018 | 12,44,539 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1,00,30,716 | 98,83,977 | 1,46,739 |
| ആകെ | 10,21,88,425 | 8,61,62,928 (84.31%) | 1,60,25,497 |

ഓഡിറ്റ് വർഷം 12.84കോടി രൂപ അടങ്കലുള്ള 224 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 8.66 കോടി രൂപ ചെലവഴിച്ച് 176 പദ്ധതികളാണ് നടപ്പിലാക്കുവാൻ സാധിച്ചത് (67.47%). നിർവ്വഹണ ഉദ്യോഗസ്ഥൻ മുനിസിപ്പൽ എഞ്ചിനിയറുടെ ചുമതലയിൽ നടത്തപ്പെടേണ്ട 6.48 കോടി രൂപയുടെ 147 പദ്ധതികളിൽ 4.24 കോടി രൂപയുടെ 111 പദ്ധതികളാണ് നിർവ്വഹിക്കപ്പെട്ടത്. കൂടാതെ പട്ടിക ജാതി വികസന ഓഫീസർ, വെറ്ററനറി സർജ്ജൻ, ഹെൽത്ത് ഓഫീസർ എന്നിവരുടെ പദ്ധതിച്ചെലവുകളിലും കുറവ് സംഭവിച്ചിട്ടുണ്ട്. ചെലവഴിക്കാൻ സാധിക്കാത്ത പദ്ധതി വിഹിതം നഗരസഭയ്ക്ക് നഷ്ടപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് ഭാവിയിൽ പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 സർവ്വീസ് ബുക്കിൽ സേവന വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

നഗരസഭയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് അനുവദിക്കുന്ന ആകസ്മിക അവധിയൊഴികെയുള്ള വിവിധ അവധികൾ , ഇൻക്രിമെന്റുകൾ അനുവദിക്കുന്നതിന്റെ വിവരങ്ങൾ, പ്രൊമോഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ,നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചതിന്റെ വിവരങ്ങൾ ,തുടങ്ങിയ സേവന വിവരങ്ങൾ ഒന്നും തന്നെ യഥാസമയം സേവന പുസ്തകത്തിൽ രേഖപ്പെടുത്തിക്കാണുന്നില്ല.

ജീവനക്കാരെ സംബന്ധിച്ച സേവന വിവരങ്ങൾ യഥാസമയം സേവനപുസ്തകത്തിൽ രേഖപ്പെടുത്താതിരുന്നാൽ ഭാവിയിൽ ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട് .നിലവിൽ എസ്റ്റാബ്ലിഷ് മെന്റ് സെക്ഷന്റെ ചുമതല ആർക്കും നൽകാതെ ഒഴിച്ചിട്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. നഗരസഭയിൽ ജീവനക്കാരുടെ കുറവുള്ളതിനാലാണ് പ്രസ്തുത ചുമതല പ്രത്യേകം സെക്ഷനെ ഏൽപ്പിക്കാത്തതെന്ന് അധികൃതർ അറിയിക്കുകയുണ്ടായി .ഇത് ശരിയായ നടപടിക്രമമല്ല. പ്രസ്തുത സെക്ഷന്റെ പൂർണ്ണ ചുമതല ഒരു ജീവനക്കാരന് കൈമാറുവാനും, എല്ലാ ജീവനക്കാരുടേയും സേവന വിവരങ്ങൾ സേവന പുസ്തകങ്ങളിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുവാനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ഓണം അഡ്വാൻസ് - ഈടാക്കാൻ അവശേഷിക്കുന്നു

വൗച്ചർ നമ്പർ 23/ 9 /16-17, - 435000-രൂപ

നഗരസഭയിൽ ജൂനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ആർ.വി.ശിവലിംഗം, 15000 രൂപ ഓണം അഡ്വാൻസായി കൈപ്പറ്റിയിരുന്നു. 11/1/2017 ൽ സ്ഥലം മാറ്റപ്പെട്ട ഇദ്ദേഹത്തിൻെറ 10/2016,11 /2016,12/2016 എന്നീ മാസങ്ങളിലെ ശമ്പളത്തിൽനിന്നും 3000 രൂപ വീതം ആകെ 9000 രൂപ തിരിച്ചുപിടിച്ചിരുന്നു. ബാക്കിയുള്ള6000 രൂപയിൽ 3000 രൂപ 2/2/2017ലെ 551014 നമ്പർ ഡി. ഡി. പ്രകാരം ഒടുക്കിയതായും അഡ്വാൻസ് രജിസ്റ്ററിൽ കാണുന്നു. അവശേഷിച്ച 3000 രൂപ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 14/2016-17 തി.27-6-2017 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ പ്രസ്തുത തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി . തുക തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 സ്ട്രീറ്റ് ലൈറ്റ് കുടിശ്ശിക- അധികതുക ഒടുക്കിയത് സംബന്ധിച്ച്

നഗരസഭാ പരിധിയിലെ 23274, 23275 എന്നീ നമ്പറുകളിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുത ചാർജ് 49870 രൂപയായിരുന്നത് 7/2012 മുതലുള്ള നിരക്കുവർദ്ധനയുടെ ഫലമായി 87902 രൂപയായി (40832 + 47070) വർദ്ധിപ്പിച്ചതായി KSEB യുടെ 24-1-2017 ലെ No DB 54/2016-17/street light/NLR/186 നമ്പർ കത്തുപ്രകാരം അറിയിച്ചതിൻെറ അടിസ്ഥാനത്തിൽ 1/2017ലെ തുക 87,902 രൂപ 2017 ഫെബ്രുവരിയിൽ ചെക്ക് നമ്പർ 793757 (വൗച്ചർ നമ്പർ 18) പ്രകാരം ഒടുക്കുകയും, തുടർന്നുള്ള മാസങ്ങളിൽ ഈ നിരക്കിൽ തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് KSEB , നിരക്കുവർദ്ധനയുടെ ഫലമായി 7/2012 മുതൽ 1/2017 വരെയുള്ള കുടിശികയായി 15,06,758 രൂപ ഒടുക്കുവാൻ 2/3/2017 ലെ DB 54/16-17 /NLR225 നമ്പർ കത്തിൽ ആവശ്യപ്പട്ടതനസരിച്ച് 27/6/2017 ൽ ചെക്ക് നമ്പർ 0866580 പ്രകാരം (വൗച്ചർ നമ്പർ 62) ₹ 15,06,758 ഒടുക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകയിൽ 1/2017 ലെ കുടിശ്ശിക തുകയായി 35,106 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

1/2017 ലെ സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജായി ഒടുക്കിയിരിക്കുന്നത് വർദ്ധിപ്പിച്ച നിരക്കിലായിരുന്നിട്ടും അത് കണക്കിലെടുക്കാതെയാണ് KSEB കുടിശ്ശിക ബിൽ തയാറാക്കി ഡിമാൻറ് ചെയ്തിട്ടുള്ളത്. കുടിശ്ശിക കണക്കാക്കിയത് ശരിയാണോയെന്ന് പരിശോധിക്കാതെ നഗരസഭ തുക മുഴുവനും ഒടുക്കുകയും ചെയ്തിരിക്കുന്നു. ഇതുമൂലം നഗരസഭ KSEB യ്ക്ക് 35106 രൂപ അധികം നൽകിയതായി കാണുന്നു. ആയതിനാൽ ഇക്കാര്യം KSEB അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി തുടർമാസങ്ങളിലെ ബില്ലിൽ

ക്രമീകരിക്കേണ്ടതാണ്. ഇക്കാര്യം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 13/2016-17 തീ.27.09.2017 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ഇക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-5 വാഹന വാടക നൽകൽ - ട്രിപ് ഷീറ്റിൽ യാത്രയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല

നീലേശ്വരം നഗരസഭയിൽ 02/05/2016 മുതൽ 21/05/2016 വരെയുള്ള കാലയളവിൽ വാഹനങ്ങൾ വാടകയ്ക്ക് വിളിച്ചതിൻെറ പ്രതിഫലമായി 33,570 രൂപ വൗച്ചർ നമ്പർ 48/6-16-17, 49/6-16-17 എന്നിവപ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ വൗച്ചറിനോടൊപ്പമുള്ള ട്രിപ്പ് ഷീറ്റിൽ യാത്ര ചെയ്ത തിയതി, സമയം, സ്ഥലങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, യാത്രയുടെ ഉദ്യേശ്യം, യാത്ര ചെയ്തവരുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) വൗച്ചർ നമ്പർ 48, 16,635 രൂപ KL 60B 3555 (ഡ്രൈവർ -അസീസ്.എ)

| ക്രമനമ്പർ | യാത്രാ തിയതി | യാത്രാ സമയം | യാത്ര ചെയ്ത സ്ഥലങ്ങൾ | അനുവദിച്ചതുക |
|---|---|---|---|---|
| 1 | 2/5/2016 | 9am-6pm | കാസറഗോഡ് | 1800 |
| 2 | 3/5/2016 | 8am-6pm | പയ്യന്നൂർ, പടന്ന | 1980 |
| 3 | 4/5/2016 | 9am-6 30pm | കുമ്പള | 2025 |
| 4 | 5/5/2016 | 8 30am-5 30pm | കാസറഗോഡ്,ഉദുമ | 1470 |
| 5 | 6/5/2016 | 9am-7pm | പൊയിനാച്ചി, കാഞ്ഞങ്ങാട് | 1275 |
| 6 | 7/5/2016 | 9am-6pm | വലിയപറമ്പ,ചീമേനി | 1605 |
| 7 | 9/5/2016 | 8am-5 30pm | അഴിത്തല,കാഞ്ഞങ്ങാട് | 1260 |
| 8 | 10/5/2016 | 8 30am-6 30pm | കാസറഗോഡ് | 1740 |
| 9 | 11/5/2016 | 8 30am-6 30pm | പയ്യന്നർ,പടന്ന | 1740 |
| 10 | 12/5/2016 | 8am-6 30pm | കാസറഗോഡ് | 1740 |

2) വൗച്ചർ നമ്പർ 49, 16935 രൂപ, KL 60 A7776 (ഡ്രൈവർ -ദിലീപ്.വി)

| ക്രമനമ്പർ | യാത്രാ തിയതി | യാത്രാ സമയം | യാത്ര ചെയ്ത സ്ഥലങ്ങൾ | അനുവദിച്ചതുക |
|---|---|---|---|---|
| 1 | 11/5/2016 | 8am-6 30pm | കാസറഗോഡ്,ബദിയഡുക്ക | 1800 |
| 2 | 12/5/2016 | 7 30am-6 30pm | കാസറഗോഡ് | 1950 |
| 3 | 13/5/2016 | 8am-7pm | ചീമേനി,കമ്പല്ലൂർ | 1875 |
| 4 | 14/5/2016 | 7am-7 30pm | പിലാത്തറ, ചെറുവത്തൂർ | 1980 |
| 5 | 17/5/2016 | 8am-7 45pm | കൊന്നക്കാട് | 1830 |
| 6 | 18/5/2016 | 7am-6 30pm | പടന്ന, ചാത്തോത്ത്, അഴിത്തല, | 1980 |
| 7 | 19/5/2016 | 8 30am-7 30pm | കാസറഗോഡ്,നീലേശ്വരംലോക്കൽ | 2100 |
| 8 | 20/5/2016 | 7am-9pm | പാലാഴി,ചായ്യോത്ത് | 1800 |

| | | | | |
|---|---|---|---|---|
| 9 | 21/5/2016 | 7am-7 30pm | തളിപ്പറമ്പ | 1620 |

മേൽ പരാമർശിച്ചിരിക്കുന്ന ദിവസങ്ങളിൽ വാഹനം ഉപയോഗിച്ചിരിക്കുന്ന വ്യക്തികൾ ആരെല്ലാമാണെന്നും , യാത്രോദ്യേശ്യം എന്തായിരുന്നു എന്നും, ട്രിപ് ഷീറ്റുകളിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ യാത്രകൾ ഭരണസമിതി അംഗീകരിച്ചതിൻെറ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 16/2016-17 തീ.28.09.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് മേൽ പരാമർശിച്ച യാത്രകളുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ മേൽപ്രകാരം നടത്തിയ 33,570/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പി.എം.എ.വൈ ഭവന പദ്ധതി 1.39 കോടി രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു.

കേന്ദ്രസർക്കാർ ആവിഷ്കരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന പ്രധാൻമന്ത്രി ആവാസ് യോജന പദ്ധതിയുടെ ഭാഗമായി നഗരസഭയിൽ 4.59 കോടി അടങ്കൽ വരുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്. പദ്ധതിയ്ക്കായി 159 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത്. പദ്ധതി അടങ്കലിന്റെ 50% കേന്ദ്ര സഹായവും, അവശേഷിച്ച തുക സംസ്ഥാന സർക്കാർ, നഗരസഭ, ഗുണഭോക്താവ് എന്നിവർ തുല്യമായി വഹിക്കേണ്ടതുമാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നഗരസഭ വിഹിതം 76.50 ലക്ഷം രൂപ പ്രൊജക്ട് നം 252/17 പ്രകാരം വികസനഫണ്ടിൽ നിന്നും (ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ) പിൻവലിച്ച് പദ്ധതിയ്ക്കായി പ്രത്യേകം ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ 18.3.2017 ന് നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 05-09-2017 വരെയുള്ള കാലയളവിൽ 125 ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായി 30,000 രൂപവീതം ആകെ 37.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി അർബൻ ഹൗസിങ്ങ് മിഷനിൽ നിന്നും ഒരു കോടി രൂപ 19-7-2017 ൽ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുകയിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന 39 ലക്ഷം രൂപയുൾപ്പടെ 1.39 കോടി രൂപ പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നിലവിൽ നീക്കിയിരിപ്പുണ്ട്.

ആദ്യഗഡു കൈപ്പറ്റിയവർ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല . കൂടാതെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 34 പേർ ഇതുവരെയും നിർമ്മാണമാരംഭിക്കുകയോ ആദ്യഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല. നഗരസഭാ വിഹിതമിനത്തിൽ ഒരു ഗുണഭോക്താവിന് 50000 രൂപ വീതം നൽകേണ്ടതുണ്ട്. ആയതിനുള്ള മൊത്തം തുകയായ 79.50ലക്ഷം രൂപയിൽ (159x50000=79,50,000) 76.50 ലക്ഷം രൂപയും പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും 37.50 ലക്ഷം രൂപ മാത്രമാണ് വിനിയോഗിക്കുവാൻ സാധിച്ചിട്ടുള്ളത്. വികസനഫണ്ടിൽ നിന്നും പണം പിൻവലിച്ച് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. പി.എം.എ.വൈ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വ്യക്തിഗത ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.എം.എ.വൈ പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും വകയിരുത്തി പിൻവലിച്ച 76.50 ലക്ഷം രൂപ സൗത്ത് ഇന്ത്യൻ ബാങ്ക് ശാഖയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്(A/c.No...000062). പി.എം.എ.വൈ പദ്ധതി മാർഗ്ഗരേഖയിൽ അധ്യായം 4.13(1) ൽ പദ്ധതിയ്ക്കായി ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുവാനാരംഭിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിന്നും ലഭിക്കുന്ന പലിശ തുക മിഷന്റെ പ്രവർത്തനത്തിനായി വിനിയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ

നഗരസഭയിൽ പദ്ധതി തുക കരന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചതിനാൽ നാളിതുവരെ പലിശയിനത്തിൽ യാതൊരു തുകയും ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത അക്കൗണ്ട് എസ്.ബി അക്കൗണ്ടാക്കി മാറ്റുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ മേൽ പരാമർശിത അക്കൗണ്ട് പാസ്സ് ബുക്കിലെ വിലാസം എക്സിക്യൂട്ടീവ് ഓഫീസർ പഞ്ചായത്ത് ബോർഡ് എന്ന പേരിലാണ്. വിലാസം ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 6/25-9-2017)

## 3-7 ഹോമിയോ ആശുപത്രിയിലേക്ക് സെൽ കൗണ്ടർ (ഹിമറ്റോളജി അനലൈസർ) വാങ്ങിയത്-നടപടിക്രമങ്ങളിൽ ന്യൂനതകൾ

ഹോമിയോ ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ പ്രൊജക്റ്റ് നം 104/17 പ്രകാരം ₹4,49,951 ചെലവഴിച്ച് (ബിൽ.നം 8തി29-3-2017) വിവിധ ലാബ് ഉപകരണങ്ങൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും, വാങ്ങിയിട്ടുണ്ട്. ഇതിൽ 4,32,600 രൂപ വിനിയോഗിച്ചത് കംപ്‌ളീറ്റ് സെൽ കൗണ്ടർ എന്ന ഉപകരണം വാങ്ങുവാൻ വേണ്ടിയാണ്. പ്രസ്തുത ഉപകരണത്തിന്റെ വാങ്ങൽ നടപടികളിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ഉപകരണം വാങ്ങുന്നതിന് മുമ്പായി വാങ്ങിക്കേണ്ട ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ, പ്രവർത്തനരീതി തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയോ വിശദാംശങ്ങൾ ശേഖരിച്ച് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

2) മൂന്ന് സ്ഥാപനങ്ങളാണ് പദ്ധതിയ്ക്കായി ടെണ്ടർ നൽകിയത് . എന്നാൽ ഇവയൊന്നും തന്നെ ഉപകരണത്തിന്റെ സ്പെസിഫിക്കേഷനോ, കമ്പനി വിശദാംശങ്ങളോ, ടെണ്ടർരേഖകളോടോപ്പം സമർപ്പിച്ചിട്ടില്ല. നിലവിൽ പ്രസ്തുത ഉപകരണം വിവിധ കമ്പനികൾ വിവിധ സ്പെസിഫിക്കേഷനോടുകൂടി, വിവിധനിരക്കിൽ നിർമ്മിക്കുന്നുണ്ട്. എന്നാൽ ഈ വിശദാംശങ്ങളൊന്നും തന്നെയില്ലാതെ നൽകിയ ടെണ്ടറുകൾ പരിഗണിക്കുവാനും, ₹4,32,600 വില നിർണ്ണയിച്ച് ഉപകരണം വാങ്ങുവാനുമുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല.

3) ലഭിച്ച ടെണ്ടറുകൾ സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4)ഉപകരണം വാങ്ങിയ ശേഷം ആയത് നിർദ്ദിഷ്ട സ്പെസിഫിക്കേഷനിൽ ഉള്ളതാണെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സാങ്കേതിക ഉദ്യോഗസ്ഥരുടെ പരിശോധന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5)നിലവിൽ സർക്കാർ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഇത്തരം ഉപകരണങ്ങൾ റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ വിതരണം ചെയ്തു വരുന്നുണ്ട്. ഉപകരണം വാങ്ങുന്നതിനുമുമ്പ് സർക്കാർ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ സമീപിക്കുകയോ പ്രസ്തുത സ്ഥാപനത്തിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

6) നിലവിൽ ഒരു വർഷത്തെ വാറന്റിയാണ് വിതരണ സ്ഥാപനം അംഗീകരിച്ചിട്ടുള്ളത് . എന്നാൽ ഉപകരണത്തിന്റെ തുടർന്നുള്ള സർവ്വീസ്-മെയിന്റനൻസ് എന്നിവയ്ക്ക് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം 3/22-9-2017 പ്രകാരം മേൽ ന്യൂനതകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കുയുണ്ടായി .ആയതിന് നൽകിയ മറുപടിയിൽ ഉപകരണം പ്രവത്തിപ്പിക്കുന്നത് ലാബ്

ടെക്നീഷ്യന്റെ നേതൃത്വത്തിലായതിനാൽ ഉപകരണത്തിന്റെ പ്രവർത്തനവും , പ്രാഥമിക പരിശോധനയും ലാബ് ടെക്നീഷ്യൻ നടത്തുകയുണ്ടായെന്നും , ഉപകരണം മികച്ച നിലവാരം പുലർത്തുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിക്കുകയുണ്ടായി.

ലക്ഷങ്ങൾ വിലമതിക്കുന്ന ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ട്. ഭാവിയിൽ ഇത്തരം ഉപകരണങ്ങൾ വാങ്ങുമ്പോൾ കൃത്യമായി ആവശ്യകത, സ്പെസിഫിക്കേഷൻ എന്നിവ നിർണ്ണയിക്കേണ്ടതും, ആയതിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്. പദ്ധതിപ്രകാരം വാങ്ങിയ ഉപകരണം നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ആരോഗ്യ വകുപ്പിലെ സാങ്കേതിക വിദഗ്ധരെ നിയോഗിച്ച് പരിശോധന നടത്തി സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, ഉപകരണത്തിന്റെ സർവ്വീസ് , മെയിന്റനൻസ് തുടങ്ങിയ കാര്യങ്ങളിൽ കമ്പനിയുമായി ഒപ്പുവെച്ച കരാറുടമ്പടി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ , നടപടിക്രമങ്ങളിൽ സംഭവിച്ച അപാകങ്ങൾ നഗരസഭ കൗൺസിൽ പരിശോധിക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകങ്ങൾ സംഭവിക്കാതിരിക്കാൻ യുക്തമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ന്യൂനതകൾ പരിഹരിച്ച് മറുപടി സമർപ്പിക്കുന്നതു വരെ സെൽ കൗണ്ടർ എന്ന ഉപകരണം വാങ്ങുന്നതിനായി ചെലവഴിച്ച 4,32,600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-8 ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങൽ- ലഭിക്കുവാനവശേഷിക്കുന്നത് 12.59 ലക്ഷം രൂപയുടെ മരുന്നുകൾ

താലൂക്ക് ആശുപത്രി സൂപ്രണ്ട് , ഹോമിയോ ആശുപത്രി സൂപ്രണ്ട് എന്നിവർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി എന്നീ സ്ഥാപനങ്ങൾക്ക് 19.88 ലക്ഷം രൂപ ഓഡിറ്റ് വർഷം കൈമാറിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം 7.29 ലക്ഷം രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. പദ്ധതിപ്രകാരം ലഭ്യമാവേണ്ട 12.59ലക്ഷം രൂപയുടെ മരുന്നുകൾ മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുവാൻ അവശേഷിക്കുന്നു. ഇക്കാര്യം പരിശോധിച്ച് അവശേഷിച്ച മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമായതിനുശേഷം ഇതുമായി ബന്ധപ്പെട്ട ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം | പ്രോഫോമ ഇൻവോയ്സ് നം | ട്രഷറി ബിൽ നം | തുക | ലഭ്യമായ മരുന്ന് (തുക) | അവശേഷിക്കുന്ന മരുന്ന് (തുക) |
|---|---|---|---|---|---|---|
| സൂപ്രണ്ട് താലൂക്ക് ആശുപത്രി നീലേശ്വരം (കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയത്) | 97/2017 | 3040/2-3-17 | 12/13.3.17 | 33,205 | 0 | 33,205 |
| | | 2731/21-2-17 | 12/13.3.17 | 30,000 | 0 | 30,000 |
| | 95/2017 | 1885/27.11.17 | 7/23.2.17 | 5,00,000 | 3,10,743 | 1,89,257 |
| | | 2115/4-2-17 | 7/23.2.17 | 1,51,281 | 0 | 1,51,281 |
| | | 3179/4.3.17 | 9/13.3.17 | 48719 | 20,301 | 28,418 |
| | | 4099/22.3.17 | 16/31.3.17 | 164258 | 89,640 | 74,618 |
| | 98/2017 | 2596/17.2.17 | 10/13.3.17 | 60,742 | 0 | 60,742 |

| | | | | | | |
|---|---|---|---|---|---|---|
| സൂപ്രണ്ട് ഹോമിയോ ആശുപത്രി നീലേശ്വരം (കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയത്) | 92/17 | PF-444/14.11.16 | 4/31.1.17 | 7,00,000 | 3,08,440 | 3,91,560 |
| | 93/17 | PF-401/7.11.16 | 3/31.1.17 | 2,00,000 | 0 | 2,00,000 |
| | 94/17 | PF-443/14.11.17 | 2/31.1.17 | 1,00,000 | 0 | 1,00,000 |
| | | | ആകെ | 19,88,205 | 7,29,124 | 12,59,081 |

## 3-9 പട്ടിക ജാതി വിഭാഗക്കാർക്കുള്ള ഭൂമി വാങ്ങൽ പദ്ധതി-സബ്സിഡി നിരക്ക് പരിമിതപ്പെടുത്തിയിട്ടില്ല- നഷ്ടം.

പട്ടികജാതി വികസന ഓഫീസർ 2016-17 വർഷം നടപ്പാക്കിയ പട്ടിക ജാതി വിഭാഗക്കാർക്കുള്ള ഭൂമി വാങ്ങൽ പദ്ധതി പ്രകാരം (സ്പിൽ ഓവർ പദ്ധതി-217/17) മൂന്ന് ഗുണഭോക്താക്കൾക്കായി 13.50 ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും (എസ്.സി.പി) ചെലവഴിച്ചിട്ടുണ്ട്.(ട്രഷറി ബിൽ നം.03 തി.16-12-2016)

സർക്കാർ ഉത്തരവ് (സാധ) നം 420/16 തസ്വഭവ തിയതി 2.2.2016 അനുസരിച്ച് പട്ടികജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ പദ്ധതിയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾ നിർണ്ണയിക്കുന്ന നിരക്ക് അവലംബിക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം തിയതി 73/2014 /പജപവവിവ തിയതി 09.10.2014 പ്രകാരം ഭൂരഹിതരായ പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങുന്നതിനുള്ള അനുവദനീയമായ സ്ഥലവിസ്തൃതി മൂന്ന് സെന്റും നിരക്ക് ഒരു സെന്റിന് 1.50 ലക്ഷം രൂപയും, അനുവദിക്കാവുന്ന പരമാവധി തുക 4.5 ലക്ഷം രൂപയുമാണ്. 11.1.2016 ലെ ജി.ഒ(എം.എസ്) 4/16 തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖപ്രകാരം (അനുബന്ധം 15 (3.6)) സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്.

നീലേശ്വരം നഗരസഭയിൽ 2016-17 വർഷം 3 ഗുണഭോക്താക്കൾ 5സെന്റ് വീതം സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും മേൽ ഉത്തരവ് പ്രകാരം സബ്സിഡി നിരക്ക് നിജപ്പെടുത്തുകയുണ്ടായില്ല . ഇതുമൂലം വികസനഫണ്ടിൽ നിന്നും 5,40,000/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | അനുവദനീയമായ സബ്സിഡി തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | ബിന്ദു.പി. | (5x90000)= 450000 | (3x90000)= 270000 | 180000 |
| 2 | സുനിത.പി | (5x90000)= 450000 | (3x90000)= 270000 | 180000 |
| 3 | പ്രദീപ്.പി | (5x90000)= 450000 | (3x90000)= 270000 | 180000 |
| | | | | 5,40,000 |

ഭൂമിയുടെ വില ജില്ലാ കലക്ടർ നിശ്ചയിക്കണമെന്ന സർക്കാർ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും, അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 ഭവന നിർമ്മാണ ആനുകൂല്യ വിതരണം -അപേക്ഷകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

പട്ടികജാതി വികസനഓഫീസർ ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രൊജക്ട് നം 13/17 പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ ധനസഹായമിനത്തിൽ 19.50 രൂപ വികസനഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ ,കൈവശാവകാശ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖകൾ, കരാറുടമ്പടി , സ്റ്റേജ് സർട്ടിഫിക്കറ്റുകൾ, ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ പട്ടിക, മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ 2/17, 3/17 മാസങ്ങളിൽ വിതരണം ചെയ്ത തുകകളുടെ കൃത്യമായ കൈപ്പറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുയുണ്ടായില്ല. രേഖകൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി.നം.5,തി.25-9-2017 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയവ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ മേൽ പദ്ധതിയാക്കായി ചുവടെ ചേർത്തപ്രകാരം നടത്തിയ19,50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | ട്രഷറി ബിൽ നം | തുക |
|---|---|---|
| 1 | 1/21-10-2016 | 6,90,000 |
| 2 | 2/16-12-2016 | 1,80,000 |
| 3 | 4/21-1-2017 | 1,20,000 |
| 4 | 5/20-2-2017 | 2,10,000 |
| 5 | 6/28-2-2017 | 1,50,000 |
| 6 | 7/28-3-2017 | 3,30,000 |
| 7 | 8/31-3-2017 | 2,70,000 |
| | ആകെ | 19,50,000 |

2015-16 വർഷം ആവിഷ്കരിച്ച പ്രൊജക്ട് നം 78/16 പ്രകാരം പദ്ധതി ആനുകൂല്യത്തിന്റെ ആദ്യ ഗഡു ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2016-17 വർഷം സ്പിൽ ഓവർ പദ്ധതി ആവിഷ്കരിച്ച് ആനുകൂല്യം വിതരണം ചെയ്യേണ്ടതിനു പകരം 2016-17 വർഷം ആവിഷ്കരിച്ച പുതിയ (13/17)പദ്ധതി പ്രകാരമാണ് തുടർ ഗഡുക്കൾ വിതരണം ചെയ്തിട്ടുള്ളത്. സ്പിൽ ഓവർ പദ്ധതി ആവിഷ്കരിച്ച് തുക വിതരണം ചെയ്യാതിരുന്നതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

## 3-11 സ്ട്രീറ്റ് ലൈറ്റുകളുടേയും ,വാട്ടർ ടാപ്പുകളുടേയും വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

1) തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം ലഭ്യമല്ല.

നഗരസഭാ പരിധിയിൽ ആകെ എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്, അവ എവിടെയെല്ലാമാണ്, അവയിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ട് എന്നിവ സംബന്ധിച്ച കൃത്യമായ കണക്കുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ആകെയുള്ള തെരുവ് വിലക്കുകളുടെ എണ്ണം കണ്ടെത്തുന്നതിന് നഗരസഭയും,കെ.എസ്.ഇ.ബിയും നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഹൈമാസ്റ്റ് ലൈറ്റുകളൊഴികെ പ്രധാനമായും 23274, 23275 എന്നീ രണ്ട് കൺസ്യൂമർ നമ്പറുകളിലായാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. നഗരസഭ നൽകുന്ന ബില്ലുകൾ പ്രകാരം 23274 കൺ

സ്യൂമർ നമ്പർ പ്രകാരം 230 ബൾബുകളും 23275 കൺസ്യൂമർ നമ്പർ പ്രകാരം 1115 ബൾബുകളും കൂടി ആകെ 1345 ബൾബുകളാണുള്ളത്. ഇവയുടെ 01/17 മുതലുള്ള വൈദ്യുത നിരക്ക് 87902 രൂപയാണ് (40832+47070). ആകെയുള്ള 1345 ബൾബുകളിൽ 568 എണ്ണം സാധാരണ ബൾബുകളാണ് എന്നാണ് KSEBയുടെ ബില്ലിൽ നിന്നും മനസ്സിലാകുന്നത്. ആകെയുള്ള 568 സാധാരണ ബൾബുകളിൽ 442 എണ്ണം 40 വാട്സിന്റേതും 126 എണ്ണം 60 വാട്സിന്റേതുമാണ്.ഇവയ്ക്ക് യഥാക്രമം 61 ഉം 94 ഉം രൂപ നിരക്കിലാണ് ചാർജ്ജ് ഈടാക്കുന്നത്. ഈ 568 ബൾബുകൾക്ക് മാത്രം പ്രതിമാസം 38,806 രൂപ (442x61+126x94) വൈദ്യുത ചാർജ്ജ് ഒടുക്കേണ്ടി വരുന്നുണ്ട്. അതേ സമയം 11 വാട്സുള്ള സി.എഫ് എൽ ലാമ്പിന് 7 രൂപ നിരക്കിലുമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് . അങ്ങനെയെങ്കിൽ സി.എഫ്.എൽ ലാമ്പിന്റെ വൈദ്യുതചാർജ്ജ് 3976 രൂപ (568x7) മതിയാകുന്നതാണ്. 568 സാധാരണ ബൾബുകൾ മാറ്റി പകരം സിഎഫ് എൽ ലാമ്പുകൾ സ്ഥാപിച്ചാൽ പ്രതിമാസ വൈദ്യുത നിരക്ക് നിലവിലുള്ള 87,902 രൂപയിൽ നിന്നും 53,072 രൂപയായി കുറയും(87902-34,830=53,072) ഇതുമൂലം പ്രതിമാസ ചാർജ്ജിനത്തിൽ നഗരസഭയ്ക്ക് 34,830 രൂപ ലാഭിക്കാൻ സാധിക്കും (38,806-568x7= 38,806-3976 =34,830).( പ്രതിവർഷം 4,17,960 (34,830x12) രൂപ). ആയതിനാൽ നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ മൊത്തം കണക്കെടുത്ത് ഇതിൽ സാധാരണ ബൾബുകൾ ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് , ഉപയോഗിക്കുന്നുണ്ടെങ്കിൽ പകരം സി.എഫ്.എൽ-എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ച് ഇക്കാര്യം സംയുക്ത പരിശോധനയിലൂടെ കെ.എസ്.ഇ.ബിയെ ബോദ്ധ്യപ്പെടുത്തി വൈദ്യുത നിരക്ക് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സി.എഫ്.എൽ വിളക്കുകൾക്ക് പകരം സാധാരണ ബൾബുകൾക്ക് വൈദ്യുതചാർജ്ജ് തെറ്റായി വാങ്ങുന്നുണ്ടെങ്കിൽ അധിക തുക അടുത്ത ബില്ലുകളിൽ കുറവ് ചെയ്തു കിട്ടുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വാട്ടർ കണക്ഷൻ കണക്കുകൾ ലഭ്യമല്ല.

വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം നഗരസഭാ പരിധിയിൽ 190 പൊതു വാട്ടർ കണക്ഷനുകളാണ് ഉള്ളത് . എന്നാൽ ഇവയെല്ലാം പ്രവർത്തന ക്ഷമമമാണോ, എവിയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളത് തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ നഗരസഭയുടെ പക്കൽ ലഭ്യമല്ല. ഈ ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 1,24,830 രൂപ നിരക്കിലാണ് നിലവിൽ ഒടുക്കുന്നത് .വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് നഗരസഭയും വാട്ടർ അതോറിറ്റിയും നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി കണക്ഷനുകളുടെ എണ്ണം ഉറപ്പാക്കി ആയതിന്റെയടിസ്ഥാനത്തിൽ വെള്ളക്കരം ക്രമീകരിക്കേണ്ടതാണ്

## 3-12 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ നഗരസഭ വിഹിതമായി 43,72,700 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | മുനിസിപ്പൽ എഞ്ചിനിയർ | 42/17 &272/17<br>മുതിരക്കൊവ്വൽ കുടിവെള്ള പദ്ധതി | 95/31.3.2017<br>96/31.3.2017 | 3,50,000<br>3,66,944 | കേരള ജല അതോറിറ്റി |

| | | | | | |
|---|---|---|---|---|---|
| | | | 97/31.3.2017 | 13,93,056 | |
| 2 | മുനിസിപ്പൽ എഞ്ചിനിയർ | 153/17 തെരുവ് വിളക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 33/31.3.2017 | 2,62,700 | കെ. എസ്.ഇ.ബി |
| 3 | ICDS സൂപ്പർവൈസർ | 79/17 സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം | DD.No. 613650 /22.2.2017 | 10,00,000 | ഡയറക്ടർ സാമൂഹ്യ സുരക്ഷാ മിഷൻ |
| 4 | സീനിയർ വെറ്റിനറി സർജ്ജൻ | 219/17 എ.ബി.സി പദ്ധതി നഗരസഭ വിഹിതം | 01/16.2.2017 | 2,00,000 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| 5 | ICDS സൂപ്പർവൈസർ | 70/17 NPRPD നഗരസഭ വിഹിതം | DD.No. 613649 22.11.2016 | 8,00,000 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| | | | ആകെ | 43,72,700 | |

## 3-13 ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

നഗരദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം പ്രൊജക്ട് ഓഫീസർ, പട്ടിക ജാതി വികസനഓഫീസർ എന്നിവർ മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണ ആനുകൂല്യത്തിനായി ധന സഹായം അനുവദിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം പൂർത്തീകരിച്ച് കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നിർമ്മാണമാരംഭിച്ച വർഷം | യൂണിറ്റ് നിരക്ക് | ഇതുവരെ അനുവദിച്ച തുക |
|---|---|---|---|---|
| A | ദാരിദ്ര്യ ലഘൂകരണ വിഭാഗം നടപ്പിലാക്കിയ പദ്ധതി | | | |
| 1 | ടി.വി.ശാന്ത രാങ്കണ്ടം | 2012-13 | 200000 | 140000 |
| 2 | പാട്ടില്ലത്ത് മാണി | 2012-13 | do | 180000 |
| 3 | ദാക്ഷായണി.പി. | 2012-13 | do | 80000 |
| 4 | ഒ.വി.രമണി പട്ടേന | 2012-13 | do | 140000 |
| 5 | വി.വി.ഓമന | 2013-14 | do | 180000 |
| 6 | തങ്കം.എം.വി | 2013-14 | do | 180000 |
| 7 | നസീറ അഴിത്തല | 2013-14 | do | 180000 |
| 8 | കെ.ടി.സാവിത്രി | 2013-14 | do | 180000 |
| 9 | കെ.വി.കാർത്ത്യായനി | 2014-15 | do | 180000 |
| 10 | കാനക്കര മാധവി | 2014-15 | do | 180000 |
| 11 | സി.സരോജിനി | 2014-15 | do | 140000 |

| | | | | |
|---|---|---|---|---|
| 12 | പി.കെ മുരളീധരൻ | 2014-15 | do | 180000 |
| 13 | ജാനകി.പി.വി | 2014-15 | do | 180000 |
| 14 | അസ്മ.പി | 2015-16 | do | 180000 |
| 15 | ശാന്ത.എം | 2015-16 | do | 180000 |
| 16 | ശാന്ത | 2015-16 | do | 140000 |
| 17 | എം.വി.സുലോചന | 2015-16 | do | 180000 |
| B | പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതി | | | |
| 1 | അശോകൻ.പി | 2015-16 | 300000 | 30000 |
| 2 | പി.കുഞ്ഞികൃഷ്ണൻ | 2015-16 | do | 30000 |
| 3 | ലക്ഷ്മി.എം.കൊാട കോളനി | 2015-16 | do | 120000 |
| 4 | ചന്ദ്രമതി കൊാട കോളനി | 2015-16 | do | 120000 |
| 5 | ബീന.കെ കൊാട കോളനി | 2015-16 | do | 30000 |
| 6 | തമ്പാൻ.പി.കണിച്ചിറ | 2015-16 | do | 210000 |
| 7 | ദിവ്യ.വി.പള്ളിക്കര | 2015-16 | do | 210000 |

## 3-14 സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം, അനുബന്ധ സൗകര്യമൊരുക്കൽ (പദ്ധതി നം- 282/17) മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തുക വിനിയോഗിച്ചു.

നിർവഹണം - ഹെഡ്മിസ്ട്രസ്,
ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ബിൽ നം - 06/16-17 , തിയതി - 15.03.2017

ചെലവ് - ₹ 5,52,804/-

സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് , വിവിധ ഐ.സി.ടി. (Information and Computer Technology) ഉപകരണങ്ങൾ വാങ്ങുന്നതിന്, പൊതു വിദ്യാഭ്യാസ ഡയറക്ടർ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ, ഉത്തരവ് നം :(1) എൻ.ഇ.പി 3/10192/2015/ഡി.പി.ഐ. /21.11.16 , ഉത്തരവ് നം :(2) എൻ.ഇ.പി 3/40036/2017/ഡി.പി.ഐ./30.5.2017 എന്നിവ പ്രകാരം നൽകിയിട്ടുണ്ട്. ഈ ഉത്തരവുകളിൽ വിവിധ ഐ.സി.ടി. ഉപകരണങ്ങൾക്ക് ചെലവഴിക്കാവുന്ന പരമാവധി വില, അവയുടെ കുറഞ്ഞ സ്പെസിഫിക്കേഷൻ, വില്പനാനന്തര സേവനം എന്നിവ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്.

2015-16 വർഷത്തിൽ നഗരസഭയിലെ അഞ്ച് ,സ്കൂളുകളിൽ മുകളിൽ സൂചിപ്പിച്ച പദ്ധതി പ്രകാരം ഐ.സി.ടി. ഉപകരണങ്ങൾ (വൈറ്റ് ബോർഡ് - 5 എണ്ണം, മൾട്ടിമീഡിയ പ്രൊജക്ടർ - 3 എണ്ണം, ലാപ് ടോപ്പ് - 6 എണ്ണം , ലേസർ പ്രിന്റർ- 1 എണ്ണം ) വാങ്ങി നൽകിയിട്ടുണ്ട്. M/s സീഗൾ ടെക്നോളജീസ്,

താവക്കര,കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടി ക്രമങ്ങളിലൂടെയാണ് ഇവ വാങ്ങിയത്.

എ) ഉത്തരവ് നം:(1) ലെ നിർദ്ദേശം 03 പ്രകാരം മൾട്ടിമീഡിയ പ്രൊജക്ടറുകൾക്ക് , എല്ലാ നികുതികളും അനുബന്ധ സാമഗ്രികളുടെ (Accessories)വിലയും ഉൾപ്പടെ, പരമാവധി വില ₹ 25,630/- രൂപയാണ്. എന്നാൽ പ്രൊജക്ടർ ഒന്നിന് ₹ 27,069.87 +VAT @14.5% ഉൾപ്പടെ ₹ 30,995/- രൂപ വീതവും , അഞ്ച് സെറ്റ് Accessories ന് ലേബർ ചാർജ്ജ് ഉൾപ്പടെ, ₹29,900/- രൂപയുമാണ് വിതരണക്കാരായ M/s സീഗൾ ടെക്നോളജീസിന് നൽകിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ളതിലും കൂടിയ വിലക്കാണ് മൾട്ടിമീഡിയ പ്രൊജക്ടർ വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ,

| ക്രമ നം | ഇനം | എണ്ണം | വിതരണക്കാർക്ക് നൽകിയ വില | | മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള വില | | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| | | | ഒന്നിന് | ആകെ | ഒന്നിന് | ആകെ | |
| 1 | മൾട്ടിമീഡിയ പ്രൊജക്ടർ* | 3 | 30,995 | 92,985 | 25,630 | 76,890 | 45,995 |
| 2 | *അനുബന്ധ സാമഗ്രികൾ | 3 | 5,980 | 29,900 | | | |
| ആകെ | | | | 1,22,885 | | 76,890 | |

ഇത്തരത്തിൽ അധികം നൽകിയ ₹ 45,995 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല . പ്രസ്തുത തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) ഉത്തരവ് നം:(1) ൽ വൈറ്റ് ബോർഡിന്റെ വിശദാംശങ്ങൾ നൽകിയിരുന്നില്ല. നിർദ്ദേശം 4.2 പ്രകാരം ₹ 15000/- രൂപയിൽ കൂടുതലുള്ളതും ,മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തതുമായ മറ്റ് ഐ.സി.ടി. ഉപകരണങ്ങൾ വാങ്ങുന്നതിന് അവയുടെ പരമാവധി വില, കുറഞ്ഞ സ്പെസിഫിക്കേഷൻ, വില്പനാനന്തര സേവനം എന്നിവ സംബന്ധിച്ച് ഡയറക്ടറേറ്റിൽ നിന്നും അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ വൈറ്റ് ബോർഡ് വാങ്ങുന്നതിനായി മുകളിൽ പറഞ്ഞത് പ്രകാരമുള്ള അംഗീകാരം വാങ്ങുകയുണ്ടായില്ല. ഉത്തരവ് നം :(2) ൽ ഇതിന്റെ പരമാവധി വില ₹ 7900/- എന്നും, അനുബന്ധ സാമഗ്രികൾക്ക് ₹ 4,900/- എന്നും നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ വൈറ്റ് ബോർഡ് ഒന്നിന് ₹ 26,989/- (നികുതികളും മറ്റും ഉൾപ്പടെ) വീതമാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം അഞ്ച് വൈറ്റ് ബോർഡുകൾക്കായി ₹ 1,34,945/- വിതരണക്കാർക്ക് നൽകിയിട്ടുണ്ട്. ഇതിന് ഡയറക്ടറേറ്റിൽ നിന്നുള്ള സാധൂകരണം ലഭ്യമാക്കുന്നതിന് വിധേയമായി ₹ 1,34,945/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സി) മേൽ നിർദ്ദേശങ്ങളിൽ എല്ലാ ഉപകരണങ്ങൾക്കും അഞ്ച് വർഷത്തെ സമഗ്ര On-site Warranty ഉറപ്പു വരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ ഉപകരണങ്ങൾ നിർമ്മിക്കുന്ന കമ്പനികൾ നൽകുന്ന Warranty മാത്രമേ, വിതരണക്കാർ നൽകിയിട്ടുള്ളൂ. വില്പനാനന്തര സേവനവും അഞ്ച് വർഷത്തെ സമഗ്ര On-site Warranty യും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി -11 ; തിയതി - 27/09/17)

## 3-15 സ്കൂളുകൾക്ക് സോളാർ പാനൽ (പദ്ധതി നം - 216/17)

നിർവഹണം - ഹെഡ്മിസ്ട്രസ്,
ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ബിൽ നം - 16/16-17 , തിയതി - 31.03.2017

ചെലവ് - ₹ 4,69,843/-

പദ്ധതി പ്രകാരം അഞ്ച് സ്കൂളുകളിൽ 1kW/ 2kWശേഷിയുള്ള ശൃംഖലാബന്ധിത സൗരവൈദ്യുതോല്പാദന നിലയങ്ങൾ സ്ഥാപിച്ച്, സ്കൂളുകളുടെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതിയുടെ ഒരു ഭാഗം ഉല്പാദിപ്പിക്കുകയും, അധികമായി വരുന്ന വൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിനും, അതുവഴി സ്കൂളുകളിലെ വൈദ്യുതി പ്രതിസന്ധിക്ക് ഒരു ചെറിയ പരിഹാരം കണ്ടെത്തുവാനുമാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി നടപ്പിൽ വരുത്തിയ സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കൂൾ | പവർ |
|---|---|---|
| 1 | സി.എച്ച്.എം.കെ.എസ്. ജി.വി.എച്ച്.എസ്.എസ്, കോട്ടപ്പുറം | 2kW |
| 2 | ജി.ഡബ്ല്യൂ.എൽ.പി.എസ്. നീലേശ്വരം | 1kW |
| 3 | ജി.എൽ.പി.എസ്. പേരോൽ | 1kW |
| 4 | ജി.എൽ.പി.എസ്. നീലേശ്വരം | 1kW |
| 5 | ജി.എൽ.പി.എസ്. പരുത്തിക്കാമുറി | 1kW |

അനെർട്ടിന്റെ മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായി തെരഞ്ഞെടുക്കപ്പെട്ട ടെംകോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക് ഇൻഡസ്ട്രീസ് എന്ന കമ്പനിയാണ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള സ്കീം അപ്രൂവൽ,എനെർജൈസേഷൻ അപ്രൂവൽ എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല. പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചതിന് ശേഷം വൈദ്യുത ചാർജ്ജിൽ കുറവുണ്ടായോ എന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല. സ്ഥാപനം ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയുടെ അളവ്, ഉപഭോഗത്തേക്കാൾ കൂടുതലാണെങ്കിൽ ഗ്രിഡിലേക്ക് നൽകിയ അധിക വൈദ്യുതിക്ക് കണക്കാക്കേണ്ട വില/നിരക്ക് സംബന്ധിച്ച് KSEB യുമായി കരാറിലേർപ്പെട്ടിട്ടില്ല. പ്ലാന്റിന്റെ ഭാഗമായ നെറ്റ് മീറ്ററിൽ നിന്നും,സ്ഥാപനം ഉപയോഗിച്ച (ഇറക്കുമതി ചെയ്യുന്ന) വൈദ്യുതിയുടെയും, ഗ്രിഡിലേക്ക് നൽകിയ (കയറ്റുമതി ചെയ്യുന്ന) വൈദ്യുതിയുടെയും കണക്കുകൾ ലഭ്യമാകുന്നതാണ്.ഇതിൽ നിന്നും അധിക വൈദ്യുതി ഗ്രിഡിലേക്ക് നൽകിയിട്ടുണ്ടെങ്കിൽ, അത് കണക്കാക്കുവാൻ കഴിയുന്നതാണ്. നിലവിൽ നഗരസഭയിൽ അഞ്ച് സ്കൂളുകളിലായി 6 kW ന്റെ സോളാർ പ്ലാന്റുകൾ പ്രവർത്തിക്കുന്നതിനാൽ എത്രയും വേഗം, കയറ്റുമതി ചെയ്യുന്ന വൈദ്യുതിയുടെ നിരക്ക് സംബന്ധിച്ച് KSEB യുമായി കരാറിലേർപ്പെടേണ്ടതും,അതുപ്രകാരം വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-16 <u>മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതിതുകയിൽ നിന്നും പണം ചെലവഴിച്ചത്</u>

2016-17 വർഷത്തിൽ ഹെഡ്മിസ്ട്രസ്സ് നടപ്പിലാക്കിയ രണ്ട് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>1. സ്കൂളുകൾക്ക് പത്രങ്ങൾ,ബാലപ്രസിദ്ധീകരണങ്ങൾ (പദ്ധതി നം- 265/17)</u>

ബിൽ നം - 15/16-17 , തിയതി - 31.03.2017 ;ചെലവ് - ₹ 68,000/-

ഫണ്ട് - വികസനഫണ്ട് (പൊതുവിഭാഗം)

<u>2. അതുല്യം - സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി (പദ്ധതി നം- 80/17)</u>

വിവിധ ബില്ലുകൾ പ്രകാരം ₹ 1,24,680/- ചെലവഴിച്ചിട്ടുണ്ട്.

ഫണ്ട് - വികസനഫണ്ട് (പൊതുവിഭാഗം)

| ക്രമ നം | ബിൽ നം | തിയതി | തുക (₹) |
|---|---|---|---|
| 1 | 02/16-17 | 26.11.16 | 15,000 |
| 2 | 03/16-17 | 14.12.16 | 4,320 |
| 3 | 04/16-17 | 30.01.17 | 11,175 |
| 4 | 05/16-17 | 09.03.17 | 10,000 |
| 5 | 07/16-17 | 17.03.17 | 68,000 |
| 6 | 14/16-17 | 31.03.17 | 16,185 |

എ) ഏഴാം തരം തുല്യതാ പഠിതാക്കൾക്കായി, അതുല്യം - സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി, ഒരു പഠന യാത്ര സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനായി ₹ 13,451/- (ബിൽ നം - 14/16-17 ൽ ഉൾപ്പെടുത്തി) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ ഖ : 7.7 പ്രകാരം ഉല്ലാസ-പഠനയാത്രകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ ആവർത്തന ചെലവുകൾക്കുള്ള തുകകൾക്കും (സ്കൂളുകൾക്ക് പത്രങ്ങൾ,ബാലപ്രസിദ്ധീകരണങ്ങൾ) പദ്ധതിപ്പണം വകയിരുത്തരുതെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. അതിനാൽ ഇപ്രകാരം വിനിയോഗിച്ച ₹ 81,451/- ( 13,451 + 68,000 ) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ ചെലവുകൾക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

ബി) അതുല്യം - സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി, ഏഴാംതരം തുല്യതാ പഠിതാക്കൾക്കായി 150 സെറ്റ് പാഠപുസ്തകങ്ങൾ, ₹ 15,000/- ( ബിൽ നം - 02/16-17 , തിയതി - 26.11.16 ) ചെലവഴിച്ച്, സാക്ഷരത മിഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രേരക് ശ്രീമതി.രാധാ.ഇ സമർപ്പിച്ച, വിവിധ തുടർ പഠന കേന്ദ്രങ്ങളിലെ പഠിതാക്കളുടെ ഹാജർ പട്ടിക പ്രകാരം 53 പഠിതാക്കളും 12 പരിശീലകരുമാണ് ഉള്ളത്. പാഠപുസ്തകങ്ങളുടെ സ്റ്റോക്ക്/വിതരണം സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയില്ല. വരും വർഷങ്ങളിൽ സിലബസ് മാറുന്നതിനുള്ള സാധ്യതയുമുണ്ട്. ആവശ്യത്തിലധികം പാഠപുസ്തകങ്ങൾ വാങ്ങുവാനുണ്ടായ സാഹചര്യമെന്തെന്ന് വിശദീകരണം നൽകുകയുണ്ടായില്ല. ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തുന്നത് വരെ ₹15,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

2016-17 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള നഗരസഭ വിഹിതമായി ₹ 16,00,000/- എസ്.എസ്.എ, കാസർഗോഡ് ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

(ബിൽ നമ്പർ : 01/16-17 ; തി:26.11.16 ; വികസന ഫണ്ട്)

പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/2016 തി. 11.01.2016 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ എസ്.എസ്.എ പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് നഗരസഭ അധികാരികളും, നഗരസഭയിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് നഗരസഭയിൽ എസ്.എസ്.എ. പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നഗരസഭയുടെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്. കൂടാതെ എസ്.എസ്.എ. കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ അപാകതകൾ പരിഹരിച്ച്, മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി വരും വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ

ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| KWA | മുതിരക്കൊവ്വൽ കുടിവെള്ള പദ്ധതി (പ്രൊ.നം 42/17& 272/17) 95/31-3-17 | 96/31-3-17<br>97/31-3-17 | 350000<br>366944<br>1393056 | 0 | 350000<br>366944<br>1393056 |
| KSEB | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ (പ്രൊ.നം 23817) | 33/31-3-17 | 262700 | 0 | 2,62,700 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ/മുതൽമുടക്കുകൾ

| സ്ഥിര നിക്ഷേപത്തിന്റെ/ മുതൽമുടക്കിന്റെ വിശദാംശം | മുന്നിരിപ്പ് തുക | തൻവർഷം പുതുതായി നിക്ഷേപം നടത്തിയത് | തൻവർഷം പലിശ വരവ് | വർഷാവസാനം സ്ഥിര നിക്ഷേപ നീക്കിയിരിപ്പ് |
|---|---|---|---|---|
| ലഭ്യമല്ല. | 25,000 | - | - | 25000 |
| സർട്ടിഫിക്കറ്റ് നം 69/ 26-12-16 (ക്ലീൻ കേരള കമ്പനി ഓഹരി) | 50,00,000 | - | - | 50,00,000 |
| ആകെ | 50,25,000 | - | - | 50,25,000 |

ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 83 | 2003-04 | 3-14-2 | നടപ്പാലം റിപ്പയർ സംബന്ധിച്ച് | തടസ്സം തുടരുന്നു |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2011-12 | --- | 2012-13 | 3.1.5.5<br>3.1.5.9<br>3.1.5.10<br>3.1.5.11<br>3.1.5.13 | ഖരമാലിന്യ പരിപാലനം അപാകതകൾ | തടസ്സം തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹14,78,63,414 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹12,57,25,106 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ₹33,649 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹5,85,995 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹26,47,566 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2(a) | 33,649 | - | ശ്രീ.ഉമേഷ് നാരായണൻ മുനിസിപ്പൽ എഞ്ചിനിയർ |
| 3(9) | - | 5,40,000 | ശ്രീ.സതീഷ് കുമാർ.എം, പട്ടികജാതി വികസന ഓഫീസർ |
| 3-14(എ) | - | ₹45,995 | ദിനപ്രഭ.കെ.പി, ഹെഡ്മാസ്റ്റർ, CHMKS നീലേശ്വരം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | ₹33,570 | എൻ.കെ ഹരീഷ് , സെക്രട്ടറി |
| 3-7 | ₹4,32,600 | ഡോ.രതീഷ്.പി.സൂപ്രണ്ട് ഹോമിയോ ആശുപത്രി |
| 3-10 | ₹19,50,000 | സതീഷ് കുമാർ.എം, പട്ടികജാതി വികസന ഓഫീസർ |
| 3-14(ബി) | ₹1,34,945 | ദിനപ്രഭ.കെ.പി, ഹെഡ്മാസ്റ്റർ, CHMKS നീലേശ്വരം |
| 3-16(എ) | ₹81,451 | ദിനപ്രഭ.കെ.പി, ഹെഡ്മാസ്റ്റർ, CHMKS നീലേശ്വരം |
| 3-16(ബി) | ₹15,000 | ദിനപ്രഭ.കെ.പി, ഹെഡ്മാസ്റ്റർ, CHMKS നീലേശ്വരം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-3, 2-5, 2-9, 2-10, 2-12, 2-13, 3-11

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീ.ഉമേഷ് നാരായണൻ മുനിസിപ്പൽ എഞ്ചിനിയർ | മുനിസിപ്പൽ എഞ്ചിനിയർ നീലേശ്വരം നഗരസഭ | രാമ്പോത്ത് (വീട്) കണ്ടോത്ത് .പി.ഒ, പയ്യന്നൂർ (വഴി), കണ്ണൂർ (ജില്ല)- 670370 |
| ശ്രീ.സതീഷ് കുമാർ.എം, പട്ടികജാതി വികസന ഓഫീസർ | വിരമിച്ച | ശിവ പ്രിയ, തെക്കേ വിള പി.ഒ, കൊല്ലം -16 |
| ദിനപ്രഭ.കെ.പി, ഹെഡ്മാസ്റ്റർ, CHMKS നീലേശ്വരം | ഹെഡ്മാസ്റ്റർ, CHMKS നീലേശ്വരം | വിശ്വഭാരതി, തെക്കമ്പാട്, ഇളമ്പച്ചി.പി.ഒ, സൗത്ത് തൃക്കരിപ്പൂർ 671311 |

## 4-9 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1987-88,1988-89 | എൽ.എഫ്.കെ.എസ്.ഡി5/233/99തിയ്യതി.9.12.00 | 3 |
| 1989-90,90-91 | എൽ.എഫ്.കെ.എസ്.ഡി5/212/00തിയ്യതി.19.12.00 | 6 |
| 1991-92 | എൽ.എഫ്.കെ.എസ്.ഡി7/491/93തിയ്യതി.22.12.93 | - |
| 1992-93,93-94, 94-95,95-96 | എൽ.എഫ്.കെ.എസ്.ഡി4/628/05തിയ്യതി.6.6.06 | 6 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി4/612/97തിയ്യതി.14.5.99 | 15 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി5/539/99തിയ്യതി.3.4.00 | 21 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി5/694/00തിയ്യതി.21.12.02 | 25 |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി5/348/01തിയ്യതി.27.8.03 | 34 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി5/589/04തിയ്യതി.18.5.06 | 10 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി4119/06തിയ്യതി.23.1.07 | 20 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി4/590/04തിയ്യതി.3.4.06 | 5 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി3/1011/07തിയ്യതി.15.9.04 | 14 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി3/772/09തിയ്യതി.10.5.11 | 22 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി3/773/09തിയ്യതി.12.7.11 | 16 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി3/773/09തിയ്യതി.8.7.11 | 30 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി3/498/10തിയ്യതി.29.9.11 | 15 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി3/499/10തിയ്യതി.12.9.11 | 23 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി3/622/10തിയ്യതി.22.9.11 | 21 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി4/689/10തിയ്യതി.20.10.11 | 23 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി4/397/11തിയ്യതി.13.12.11 | 21 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി6/364/11തിയ്യതി.5.9.12 | 34 |
| 2011-12, 2012-13 | എൽ.എഫ്.കെ.എസ്.ഡി6/602/14തിയ്യതി.16.2.15 | 28 |
| 2013-14 & 2014-15 | എൽ.എഫ്.കെ.എസ്.ഡി4/309/14തിയ്യതി.27.07.2016 | 17 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി4/103/17തി.02.02.2017 | 21 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി -4/1039 / 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
ഇ.മെയിൽ doksd.ksad@kerla.gov.in
ഫോൺ നം.04994256690 പിൻ - 671123

തീയതി. 04.10.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4)-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നീലേശ്വരം നഗരസഭയുടെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## AUDIT CERTIFICATE

No. KSA-KSD-4 /1039/2017

Kerala State Audit Department
District Audit Office,Kasaragod – 671123
E-mail:- doksd.ksad@kerala.gov.in

Dated: 04.10.2017

Certified that I have audited the Annual Financial Statement of Nileswaram Municipality in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4)of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Municipalities .

In my opinion, the Financial Statements of Nileswaram Municipality for the year 2016-17 except the observations in para-2-1 of my Audit Report, properly presents the picture of income and expenditure.

Senior Deputy Directer
Kerala State Audit Department
District Audit Office,Kasaragod